RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 9 ● ലക്കം 2 ● ഒക്ടോബർ 2026 ● വില: 18 രൂപ

# വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ



## നിറസമ്പത്ത്

### പ്രത്യേക പതിപ്പ്


RAMRAJ ©
COTTON
CULTURE OF INDIA
SWAMY
VASTRA SET


RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം
നിങ്ങളുടെ ആവശ്യത്തിനു
വേണ്ട ധനം നേർവഴിയിൽ
സ്വരുക്കൂട്ടി ആഹ്ലാദകരമായ
ജീവിതത്തിനു വേണ്ട
മറ്റു സമ്പത്തുകളും നേടി
ക്ഷേമാശ്വൈര്യങ്ങളോടെയുള്ള
ജീവിതത്തിന് വഴികാട്ടുന്ന
നിറസമ്പത്ത്
പ്രത്യേക പതിപ്പ്
എന്ന ഈ ഉപയോഗപ്രദമായ
മാസിക നിങ്ങൾക്ക് നൽകുന്നതിൽ
ഞങ്ങൾക്ക് അഭിമാനമുണ്ട്.

# സമ്പന്നരായ മനസ്സുള്ളവരാകുക...

പ്രിയരേ,

സമ്പത്ത് എന്നാൽ പണം അല്ലെങ്കിൽ സ്വത്ത് എന്ന ഹ്രസ്വമായ അർത്ഥത്തിലാണ് നാം മനസ്സിലാക്കുന്നത്. സമ്പന്നൻ എന്നാൽ ധാരാളം പണം കൈവശം ഉള്ള ആൾ എന്ന അർത്ഥം ഇല്ല. അത്തരക്കാരെ പണക്കാരൻ എന്ന് വിശേഷിപ്പിക്കാം. പണം സമ്പാദിക്കാൻ അവർക്ക് അറിയാമായിരിക്കും. അതേ സമയം ആ സമ്പന്നൻ തന്റെ പണം എങ്ങനെ അർത്ഥപൂർണമായി ചെലവഴിക്കണമെന്ന് അറിഞ്ഞിരിക്കണം.

വർഷങ്ങൾക്കു മുമ്പ് പത്രത്തിൽ വായിച്ച ഒരു കഥ ഇന്നും മനസ്സിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു. ഒരു ചെറിയ പട്ടണത്തിൽ ഒരാൾ ഒരു പൂക്കട നടത്തുന്നു. ചുറ്റുമുള്ള പ്രദേശങ്ങളിൽ ഉള്ളവർ പൂക്കളും മാലയും അവിടന്നേ വാങ്ങാറുള്ളൂ. ഉപഭോക്താക്കളോട് ചിരിച്ചു കൊണ്ട് പെരുമാറുന്നതിനാൽ പൂക്കട ഭേദപ്പെട്ട നിലയിൽ നടക്കുന്നു.

ആ കട ഒഴിവാക്കിയാൽ ഉപഭോക്താക്കൾക്ക് രണ്ടു മൂന്ന് മണിക്കൂർ യാത്ര ചെയത് നഗരത്തിൽ പോയി പൂക്കളും മാലയും വാങ്ങേണ്ടി വരും.

ഒരു ദിവസം ഉറ്റ ബന്ധുവിന്റെ വീട്ടിൽ ഉണ്ടായ ദുഃഖകരമായ സംഭവം മൂലം രണ്ടു ദിവസം അയാൾക്ക് കട പൂട്ടേണ്ടി വന്നു. തിരികെ മൂന്നാം ദിവസം രാവിലെ കട തുറന്നു. അടുത്തുള്ള ഗ്രാമത്തിലെ ഒരു ഉപഭോക്താവ് അയാളുടെ അടുത്തു വന്ന് വലിയ വിഷമത്തോടെ സംസാരിച്ചു.

രാത്രി അയാളുടെ അച്ഛൻ പെട്ടെന്ന് മരിച്ചു. മരിച്ച വ്യക്തിയുടെ ശരീരത്തിൽ അപ്പോൾ തന്നെ മാല അണിയിക്കണം. അതാണ് പതിവ്. രാത്രി പത്തു മണി കഴിഞ്ഞാൽ ആ ഗ്രാമത്തിലൂടെ ഒരു ബസും ഓടാറില്ല. ഗ്രാമത്തിലെ ഏക പൂക്കട പൂട്ടിക്കിടക്കുന്നു. അതു മൂലം രാവിലെ ആദ്യത്തെ ബസിൽ അടുത്ത നഗരത്തിൽ പോയി മാല വാങ്ങി മൃതദേഹത്തിൽ അണിയിക്കേണ്ട ചുറ്റുപാട്. രാത്രി മുഴുവൻ അച്ഛന്റെ ജഡത്തിൽ മാല ചാർത്താൻ കഴിയാതെ വന്ന വിഷമം അയാൾ കടയുടമയോട് പങ്കു വച്ചു.

അന്ന് രാത്രി മുഴുവനും പൂക്കടക്കാരന് ഉറക്കം വന്നില്ല. സമീപ പ്രദേശങ്ങളിൽ നിന്ന് എത്രയോ ഉപഭോക്താക്കൾ അയാളെ മാത്രം വിശ്വസിച്ച് കടയിൽ വരുന്നു. അവർക്ക് അടിയന്തര ആവശ്യം വരുമ്പോൾ അത് നിറവേറ്റാനുള്ള കടമ തനിക്ക് ഉണ്ടെന്ന് അയാൾക്ക് മനസ്സിലായി. പക്ഷേ ആ ചെറിയ നാട്ടിൽ 24 മണിക്കൂറും കട തുറന്നു വയ്ക്കാൻ പറ്റില്ല.

വിശേഷ ദിവസങ്ങളിൽ കൂടിവന്നാൽ 500 രൂപ സമ്പാദിക്കുന്ന ചെറുകിട കച്ചവടക്കാരനാണ് അയാൾ. തന്റെ ഉത്തരവാദിത്തം മനസ്സിലാക്കിയ അയാൾ ദിവസവും കട അടയ്ക്കുമ്പോൾ രണ്ടു മാല കടയ്ക്ക് പുറത്തു വച്ചു പോകും. സമീപ പ്രദേശങ്ങളിൽ മരണം നടന്നാൽ ആർക്കും ആ പൂമാല സൗജന്യമായി കൊണ്ടു പോകാം.

500 രൂപ മാത്രം വരുമാനം ഉള്ള ഒരാൾ 100 രൂപ വിലയുള്ള രണ്ടു മാലകൾ ദിനവും സൗജന്യമായി നൽകുന്നുവെങ്കിൽ അയാളാണ് വലിയ ധനികൻ. അയാളുടെ കൈവശമുള്ളത് നിറസമ്പത്താണ്.

ദിവസവും നൂറു രൂപ കൊണ്ട് ലഭിക്കുന്ന സന്തോഷത്തേക്കാൾ നൂറു രൂപ അർത്ഥപൂർണമായി ചെലവഴിക്കുമ്പോൾ കിട്ടുന്ന സന്തോഷം എത്രയോ വലുതാണ്. പണം സമ്പാദിക്കാനുള്ള മാർഗങ്ങൾ വിവരിക്കുന്ന നിരവധി പാഠപുസ്തകങ്ങൾ ഇന്ന് ലഭ്യമാണ്. 'ചുരുങ്ങിയ കാലത്തിൽ എങ്ങനെ കോടീശ്വരൻ ആകാം' എന്ന് പഠിപ്പിക്കുന്ന സെൽഫ്



ഹെൽപ് പഠന കേന്ദ്രങ്ങൾ വന്നു കഴിഞ്ഞു. ധനം സമ്പാദിക്കുന്നവരെക്കാൾ അവ അർത്ഥ പൂർണമായി ചെലവഴിക്കാൻ തയാറായവരാണ് യഥാർത്ഥ ധനികർ.

നമ്മുടെ കൈവശം ഉള്ള പണം കൊണ്ട് പുസ്തകം വാങ്ങി വായിച്ച് മുന്നേറണം. ബുദ്ധിമുട്ടിൽ കഴിയുന്നവരെ കരകയറ്റാൻ നമ്മുടെ പണത്തിനു കഴിയണം. നമ്മുടെ ആവശ്യങ്ങൾ കഴിഞ്ഞുള്ള തുക മറ്റുള്ളവരെ സഹായിക്കാൻ ഉപയോഗിക്കണം. കെട്ടിനിൽക്കുന്ന വെള്ളം മലിനമാകും, രോഗം പകരും. ഒഴുക്കാണ് വെള്ള ത്തിന്റെ ശുദ്ധി ഉറപ്പാക്കുന്നത്. ഒരു നദി അത് ഒഴുകുന്ന ഇടമെല്ലാം ഫലഭൂയിഷ്ടമാക്കുന്നു. നമ്മുടെ പക്കലുള്ള സമ്പത്തും കെട്ടിനിൽക്കാത്ത വിധം ഉപയോഗപ്രദമായി മാറണം.

ഗ്രാമ മധ്യത്തിൽ നിലകൊള്ളുന്ന വൻ മരം എത്രയോ പക്ഷികൾക്ക് തങ്ങാനുള്ള ഇടമാകുന്നു. അത് ധാരാളം ഫലങ്ങൾ നമുക്ക് തരുന്നു. ഓരോ സൃഷ്ടിക്കും ഓരോ ലക്ഷ്യം ഉണ്ട്. പണം മാത്രമല്ല സമ്പത്ത്. നമ്മുടെ പക്കൽ ഉള്ള എല്ലാ നല്ല കാര്യങ്ങളും സമ്പത്ത് തന്നെയാണ്. 'രോഗമില്ലാത്ത ജീവിതമാണ്, കുറ്റമറ്റ സമ്പത്ത്' എന്നത് യാഥാർത്ഥ്യം. നമ്മുടെ ആരോഗ്യത്തിനോട് കിടപിടിക്കുന്ന സമ്പത്ത് മറ്റൊന്നുമില്ല.

വിവാഹത്തിന് വധൂവരന്മാരെ മുതിർന്നവർ, 'പതിനാറും തികഞ്ഞ് ജീവിക്കുക' എന്ന് ആശിർവദിക്കാറുണ്ട്. പ്രൗഢമായി ജീവിക്കണമെങ്കിൽ പതിനാറ് തരത്തിലുള്ള സമ്പത്ത് നേടിയിരിക്കണം. വിദ്യാഭ്യാസം, ജ്ഞാനം, ആയുസ്സ്, ഊർജം, യുവത്വം, ധൈര്യം, അന്തസ്സ്, കനകം, വസ്തുക്കൾ, പ്രശസ്തി, നിലം, സദ്ജനങ്ങൾ, വിശ്വാസം, രോഗമില്ലായ്മ, പ്രരിശ്രമം, വിജയം എന്നിങ്ങനെ 16 തരം സമ്പ ത്തുക്കൾ വിവരിച്ചിട്ടുണ്ട് പൂർവികർ.

നിറസമ്പത്ത് എന്നത് മനസ്സിന് നിറവ് നൽകുന്ന സമ്പത്താണ്. രാംരാജ് കോട്ടൺ ബിസിനസ് വളർത്തുന്നതിൽ കാണിക്കുന്ന അതേ കരുതൽ, സാമൂഹിക പ്രവർത്തനങ്ങളിലും കാണിക്കാറുണ്ട്. വർഷം തോറും സ്ഥാപനം വളർച്ച കൈവരിക്കുന്നു എന്നത്, 'വാർഷിക വരുമാനം എത്ര' എന്നതിലല്ല. 'രാംരാജ് എത്ര പേർക്ക് ജോലി നൽകി, എത്ര



The Culturepreneur



നെയ്ത്തുകാരുടെ കുടുംബത്തിന് സഹായകമായി, എത്ര സാമൂഹിക സേവന പ്രവർത്തനങ്ങളിൽ പങ്കാളികളായി' എന്നതെല്ലാമാണ് വളർച്ചയുടെ ഒഴിവാക്കാൻ കഴിയാത്ത അംശങ്ങൾ..

മറ്റുള്ളവരെ സന്തോഷിപ്പിച്ച് സന്തോഷിക്കു ന്നതാണ് ജീവിതത്തിന്റെ അർത്ഥം. അതാണ് നിറസമ്പത്ത്. ശാരീരിക സൗഖ്യം, ദീർഘായുസ്സ്, നിറസമ്പത്ത്, പ്രശസ്തി, ഉന്നത വിദ്യാഭ്യാസം എന്നിവ കൈവരിച്ച് നിറവുള്ള ജീവിതം ജീവിക്കാം.

**ഗുരു കൃപ**
**സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ട്**

**കെ ആർ നാഗരാജൻ**
**സ്ഥാപകൻ**
**രാംരാജ് കോട്ടൺ**

ഒരു കർഷകന്റെ വസതിയിൽ ഭിക്ഷ ചോദിച്ചു ഒരാൾ വന്നു. ആ സമയം കർഷകൻ ഭാര്യ സ്നേഹപൂർവം വിളമ്പി നൽകിയ ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതു കണ്ട് ഭിക്ഷക്കാരന് വലിയ വിഷമം തോന്നി. 'ഈ കർഷകന് ഭാര്യ എത്രയോ സ്നേഹത്തോടെ ഭക്ഷണം നൽകുന്നു. ഞാൻ പകൽ മുഴുവൻ അലഞ്ഞു നടന്നിട്ടും അതിനൊന്നും എനിക്ക് യോഗമില്ല' എന്ന് ഓർത്ത് അയാൾ വിഷമിച്ചു.

കർഷകൻ ഭക്ഷണം കഴിച്ച ഉടനെ പലിശക്കാരന്റെ അടുത്തേക്ക് പോയി തന്റെ വയലിൽ കൃഷി ചെയ്യാൻ പണം കടം വാങ്ങി. പലിശക്കാരൻ തന്റെ ഇരുമ്പ് ലോക്കറിൽ നിന്ന് പണം എടുത്തു കൊടുത്തു. കർഷകൻ തിരികെ വരുമ്പോൾ 'ഞാൻ എത്ര കഷ്ടപ്പെട്ടാലും പണം കൈയിൽ തങ്ങുന്നില്ലല്ലോ. ഇയാളുടെ കൈവശം ലോക്കറിൽ പണം കെട്ടുകണക്കിന് ഇരിക്കുന്നു' എന്നോർത്ത് വിഷമിച്ചു.

ആ പലിശക്കാരൻ ഒരു വ്യവസായിയുടെ കൈയിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് പണം കടം വാങ്ങി ബിസിനസ് നടത്തുകയാണ്. ആ മാസത്തെ പലിശ കൊടുക്കാൻ അയാൾ അദ്ദേഹത്തിന്റെ വീട്ടിലേക്ക് പോയി. പലിശ കൊടുക്കുമ്പോൾ ഈ' മനുഷ്യൻ ഇരുന്ന ഇടത്തിൽ കോടിക്കണക്കിനു രൂപ സമ്പാദിക്കുന്നുവല്ലോ' എന്നയാൾ ഓർത്തു.

വ്യവസായി ആകട്ടെ ആ നേരം വല്ലാത്ത വിഷമത്തിലായിരുന്നു. അയാൾ മുതൽ മുടക്കിയിരുന്ന വ്യവസായം ലക്ഷക്കണക്കിന് രൂപ നഷ്ടത്തിലാണ് എന്ന വിവരം അപ്പോഴാണ് അയാളുടെ കാതിൽ എത്തുന്നത്. എന്തു ചെയ്യാം എന്നോർത്ത് അയാൾ വലിയ ഹൃദയഭാരത്തോടെ ജനൽ വഴി നോക്കുമ്പോൾ ഭിക്ഷക്കാരൻ വെളിയിൽ ഒരു പട്ടിയുമായി കളിച്ചു രസിക്കുകയാണ്. 'ഭിക്ഷ യാചിച്ചു നടക്കുന്ന അയാൾ പോലും എന്ത് സന്തോഷത്തിലാണ് നമുക്ക് ഇതാണ് വിധി' എന്നോർത്ത് സ്വയം പരിതപിച്ചു.

ഇങ്ങനെയാണ് പലരും മറ്റുള്ളവരെ നോക്കി തങ്ങളുടെ മനസ്സമാധാനം തകർക്കുന്നത്. യഥാർത്ഥത്തിൽ എങ്ങനെയാണ് നിറസമ്പത്ത് നമുക്ക് കരഗതമാകുന്നത്?

- വേനലിൽ വെയിൽ കത്തി നിൽക്കും, മഞ്ഞു കാലത്ത് തണുപ്പ് വിറപ്പിക്കും, മഴക്കാലത്തിൽ ഈറം പടരും. ഒന്നും നിരന്തരമായി സംഭവിക്കുന്നില്ല. സാഹചര്യങ്ങൾ എപ്പോഴും മാറിക്കൊണ്ടിരിക്കും. ജീവിതത്തിലും സാഹചര്യങ്ങൾ മാറും. നല്ല സംഭവ ങ്ങൾ ധാരാളം ഉണ്ടാകും. ഇടയ്ക്ക് പെട്ടെന്ന് എന്തെങ്കിലും മോശമായി സംഭവിച്ചാൽ



# നിറവാർന്ന സമ്പത്ത് ഏത്?

തകർന്നു പോകരുത്. ജോലിയിൽ ഒരു പ്രശ്നമോ വ്യാപാരത്തിൽ ഒരു വീഴ്ചയോ എന്ത് വന്നാലും അത് ഒരു സാഹചര്യത്തിൽ ഉള്ള ഒരു മാറ്റമായി കാണണം. ഈ സാഹചര്യം മാറും, നല്ലത് വരും എന്ന് വിശ്വസിച്ചാൽ നിറസമ്പത്ത് ലഭിക്കും.

● മാറ്റമാണ് മാറാത്തത് എന്നാണ് പറയുന്നത്. കണ്മുമ്പിൽ നിങ്ങളുടെ തെരുവ് തന്നെ ആകെ മാറുകയാണ്. ഗ്രാമങ്ങൾ നഗരങ്ങൾ ആയി മാറുന്നു. നിങ്ങളുടെ വീട്ടിൽ ഉള്ള വസ്തുക്കളും കാലം മാറുന്നതനുസരിച്ച് മാറി വരും. ചില മാറ്റങ്ങൾ നല്ലതിനാകും. അർത്ഥമുള്ള മുന്നേറ്റത്തിന് നിങ്ങൾ മാറ്റത്തെ വരവേൽക്കണം. അത് നിങ്ങളെ മാറ്റും. അതാണ് യാഥാർത്ഥ്യം. അതിനാൽ മാറ്റങ്ങൾക്കു വിധേയമാകാൻ തയാറെടുക്കുക. മാറ്റങ്ങളുടെ ഭാഗമായി മാറുക. മുന്നേറ്റത്തിന്റെ അടയാളം അതാണ്. മാറാതിരുന്നാൽ നിങ്ങൾ നിരാശയെ വരിച്ചു എന്നാണു അർത്ഥം.

● നാം കടകളിൽ കാണുന്ന ഓരോ വസ്തുവിലും ഒരു വില എഴുതി വച്ചിരിക്കുന്നതു പോലെ ഈ ലോകം ഓരോ വ്യക്തിക്കും ഒരു മതിപ്പ് വയ്ക്കാറുണ്ട്. അത് നിങ്ങളുടെ പണമോ വിദ്യാഭ്യാസമോ വിജയങ്ങളോ നോക്കിയല്ല. നിങ്ങൾ പ്രവർത്തിക്കുന്ന രംഗത്ത് നിങ്ങൾ പഠിച്ച പാഠങ്ങളും നിങ്ങൾക്ക് ഉണ്ടായ വളർച്ചയും വച്ചാണ് ആ മതിപ്പ്. നിങ്ങൾ ഒരു മേഖലയിൽ പ്രശസ്തി നേടിയാൽ അതിനു ശേഷം പണത്തിനു പിന്നാലെ അലയേണ്ടതില്ല. പണം നിങ്ങളെ തേടിവരും.

● എന്ത് പ്രവൃത്തി ചെയ്താലും അതിൽ പൂർണ മനസ്സോടെ ഇറങ്ങുമ്പോൾ മാത്രമേ വിജയം കാണൂ. അങ്ങനെയുള്ളവർ തങ്ങളുടെ അധ്വാനത്തിൽ മനനിറവും നേടുന്നു. നിറസമ്പത്തും അവർക്ക് ലഭിക്കും. നാം ഇപ്പോൾ ഉപയോഗിക്കുന്ന ആധുനികമായ കണ്ടുപിടുത്തങ്ങളിൽ പലതും തികഞ്ഞ ആവേശത്തോടെ ചില ശാസ്ത്രജ്ഞർ നടത്തിയ ഗവേഷണങ്ങളുടെ ഫലമാണ്. നാം കേൾക്കുന്ന മികച്ച ഗാനങ്ങൾ ആത്മാർപ്പണത്തോടെ സംഗീത സംവിധായകർ തയാറാക്കിയതാണ്. നമ്മുടെ ഓരോ വിജയത്തിന് പിന്നിലും നമ്മുടെ സാധനയും ചേർന്നിരിക്കുന്നു. അഭിലാഷം എന്നതിന് വിലമതിക്കാനാകില്ല. പ്രശ്നങ്ങളും വീഴ്ചകളും അവഗണിച്ച് തങ്ങളുടെ പ്രവർത്തിയുമായി മുന്നോട്ടു പോകും എന്ന് തീരുമാനിച്ചാൽ അതിൽ ആവേശം കൈവരും.



● ജീവിതത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും വിപരീതാനുഭവങ്ങളും കണ്ട് ഭയപ്പെടരുത്. അതാണ് നമ്മെ സ്ഫുടം ചെയ്ത് തനി തങ്കമാക്കി മാറ്റുന്നത്. കടലിൽ അലകളുടെ നടുവിലേക്ക് വഞ്ചിയുമായികൂസലില്ലാതെഇറങ്ങിയാൽമാത്രമേ മത്സ്യം പിടിക്കാൻ കഴിയൂ.കരയോടു ചേർന്ന് ഒഴുകുന്ന ഒരു നദിയെ നിയന്ത്രിക്കാൻ കഴിയുന്ന ഒരാൾക്കേ ആ നദിയിൽ ഒരു പാലം പണിയാൻ കഴിയൂ. വേദനാജനകമായ അനുഭവങ്ങളിലൂടെ കടന്നു പോകുന്നവർക്കേ വീണ്ടും പ്രശ്നം ഉണ്ടാകുമ്പോൾ അത് അനായാസം അഭിമുഖീകരിക്കാൻ കഴിയൂ. നാം നേരിടുന്ന പ്രശ്നങ്ങൾ നമുക്ക് ശ്ക്തമായ മാനസിക കരുത്ത് നൽകും.

● ബഹിരാകാശത്ത് ചീറിപ്പായുന്ന റോക്കറ്റിന് ഒരു ലക്ഷ്യം ഉണ്ട്. അതാണ് അത് വഹിച്ചു കൊണ്ടു പോകുന്ന ഉപഗ്രഹത്തെ ശൂന്യാകാശത്ത് വിക്ഷേപിക്കുന്നത്. അതു പോലെ നിങ്ങളുടെ ജീവിതത്തിന്റെ അർത്ഥം എന്താണ്, ലക്ഷ്യം എന്താണ് എന്ന് ചിന്തിക്കുക. അത് എന്താണ് നിങ്ങളുടെ ജീവിതത്തിൽ പ്രധാനമായി കരുതേണ്ടത് എന്ന് വ്യക്തമാക്കി തരും. അതിനായുള്ള മാർഗങ്ങൾ സ്വരൂപിക്കാൻ സഹായിക്കും. ഇത്രനാൾ നീട്ടി വച്ചിരുന്ന പ്രവൃത്തി പൂർത്തിയാക്കാൻ അത് നിങ്ങളെ പ്രേരിപ്പിക്കും. എല്ലാ എതിർപ്പുകളെയും ഭേദിച്ച് നിങ്ങളെ മുന്നേറാൻ സഹായിക്കും. വലിയ പ്രവർത്തികൾ ചെയ്ത് നിങ്ങളെ വളരാൻ അത് സഹായിക്കും. ●

## സമ്പാദ്യവും ഉയരണം

പലരും തങ്ങളുടെ വരുമാനം ഉയരുന്നതനുസരിച്ച് ചെലവും കൂട്ടും. അതുവരെ ബൈക്കിൽ പോയിരുന്നവർക്ക് കാർ വാങ്ങാൻ തോന്നും. എല്ലാ ആഴ്ചയിലും വാരാന്ത്യത്തിൽ വിനോദയാത്രയ്ക്ക് പോകും.

എന്നാൽ, നിക്ഷേപ വിദഗ്ധർ പറയുന്നത് കേൾക്കുക. നിങ്ങളുടെ വരുമാനം കൂടുമ്പോൾ നിങ്ങളുടെ സമ്പാദ്യവും മുതൽ മുടക്കും വർധിക്കണം. ആഡംബര ചെലവുകൾ മാറ്റി വച്ച് ഇങ്ങനെ സമ്പാദിക്കുന്നത് നിങ്ങൾക്ക് വിഷമകരയി തോന്നും. അങ്ങനെ ചെയ്യുന്നതും കഠിനം തന്നെ. പക്ഷേ അങ്ങനെ ചെയ്താൽ മാത്രമേ സമ്പത്ത് വർധിക്കൂ.



## വിഭവങ്ങളും ദാരിദ്ര്യവും

● നിങ്ങൾക്ക് കടം ഉണ്ടെങ്കിൽ നിങ്ങൾ ദരിദ്രൻ. സ്വത്തുക്കൾ ഉണ്ടെങ്കിൽ നിങ്ങൾ ഭാഗ്യവാൻ. പണം ഉണ്ടെങ്കിൽ നിങ്ങൾ ഭാഗ്യശാലി. ജീവിതത്തിൽ സമധാനം ഉണ്ടെങ്കിൽ നിങ്ങൾ പണക്കാരൻ. മനസ്സിൽ നിറവ് ഉണ്ടെങ്കിൽ നിങ്ങളെപ്പോലെ സൗകര്യമുള്ളവർ മറ്റാരുമില്ല.

● നിങ്ങൾക്ക് അസൂയ തോന്നുന്നു എങ്കിൽ ദരിദ്രൻ. ആത്മവിശ്വാസം ഉണ്ടെങ്കിൽ ഭാഗ്യശാലി. സന്തോഷം ഉണ്ടെങ്കിൽ ഭാഗ്യവാൻ. മറ്റുള്ളവർക്ക് സഹായം ചെയ്യാൻ കഴിഞ്ഞാൽ പണക്കാരൻ. മനസ്സിൽ സ്നേഹവും കരുതലും ഉണ്ടെങ്കിൽ നിങ്ങളെപോലെ സൗകര്യമുള്ളവർ മറ്റാരുമില്ല.

● നിങ്ങൾ അജ്ഞരാണെങ്കിൽ ദരിദ്രൻ. വിദ്യാഭ്യാസം ഉണ്ടെങ്കിൽ ഭാഗ്യവാൻ. എന്തും വ്യക്തമായി ബോധ്യപ്പെടുന്ന ജ്ഞാനം ഉണ്ടെങ്കിൽ പണക്കാരൻ. നല്ലതും ചീത്തയും തിരിച്ചറിഞ്ഞ് ഭാവി ചിട്ടപ്പെടുത്താൻ കഴിഞ്ഞാൽ നിങ്ങളേക്കാൾ എല്ലാം തികഞ്ഞവർ ആരുമുണ്ടാകില്ല.



## വിജയം ഒരു ആശയമാണ്

വിജയികളായ വ്യക്തികൾ ആരും പണമോ വിജയമോ തേടി പോയവരല്ല. അവർ ഒരു ലക്ഷ്യമോ ഒരു ആശയമോ മുൻനിർത്തി മുന്നോട്ടു പോയവരാണ്. അത് എങ്ങനെ നേടാൻ കഴിയും എന്ന വ്യക്തമായ കാഴ്ചപ്പാട് അവർക്കുണ്ട്. അതിനാലാണ് അവർ ജയിക്കുന്നത്.

ഈ ലോകത്ത് മൂന്നു തരം വ്യക്തികളാണ് ഉള്ളത്. ദരിദ്രർ, സമ്പന്നർ, നിറസമ്പത്ത് ഉള്ളവർ. ദരിദ്രർ എപ്പോഴും പണത്തെ പറ്റിയാകും സംസാരിക്കുക. സമ്പന്നർ എപ്പോഴും ആഡംബര കാർ, ആഡംബര വീട് എന്നിങ്ങനെ വസ്തുക്കളെക്കുറിച്ച് സംസാരിക്കും. നിറസമ്പത്ത് ഉള്ളവർ എപ്പോഴും തങ്ങളുടെ ആശയങ്ങളെയും ചിന്തകളെയും കുറിച്ച് സംസാരിക്കും.

ഈ മൂന്നു കൂട്ടരും വ്യത്യസ്തമായാണ് ചിന്തിക്കുക. ദരിദ്രർ പണത്തിനു പിന്നാലെ പായും. ധനികർ പണവും വസ്തുക്കളും വാരിക്കൂട്ടും. നിറസമ്പത്ത് ഉള്ളവർ, പണം സൃഷ്ടിക്കും.

നിങ്ങൾക്ക് നല്ല ചിന്തകളും പ്രവർത്തനലക്ഷ്യങ്ങളും ഉണ്ടെങ്കിൽ, പണം നിങ്ങളെ തേടി വരും. നിറസമ്പത്ത് കൈവരിക്കാം.

## ബഹുമാന്യരായിരിക്കണം

ചീത്ത കൂട്ടുകാരോടൊപ്പം തന്റെ മകൻ നാട് ചുറ്റുന്നത് കണ്ട അച്ഛന് വല്ലാത്ത വിഷമമായി. മകനെ അയാൾ ഒരു നാൾ വിളിച്ചു വരുത്തി. തന്റെ വീട്ടിൽ ഉള്ള നൂറു വർഷം പഴക്കമുള്ള ഒരു കാർ അവനു നൽകി. ‘ഇത് പഴയ വസ്തുക്കൾ വിൽക്കുന്ന കടയിൽ കൊണ്ടു കൊടുക്കൂ. അവർ ഇതിനു എന്ത് വില പറയുന്നു എന്ന് കേട്ട് വരണം.’

‘ഈ കാർ എന്തിനു വിൽക്കണം?’എന്ന് മകൻ തിരിച്ചു ചോദിച്ചു. ‘നിന്നോടു വിൽക്കാൻ അല്ല പറഞ്ഞത്. വില എന്തു കിട്ടും എന്ന് നോക്കാനാണ് പറഞ്ഞത്,’ അയാൾ പറഞ്ഞു. മകൻ പോയ വേഗത്തിൽ തിരിച്ചുവന്നു. ‘എല്ലാം പഴയ ലോഹമാണ് എന്നതിനാൽ ആയിരം രൂപ തരാമെന്നു പറഞ്ഞു,’ മകൻ പറഞ്ഞു. ‘ശരി, അടുത്ത തെരുവിൽ ഉള്ള കാർ ഡീലറോട് ചോദിക്കൂ,’ അയാൾ മകനെ ഉപദേശിച്ചു. മകൻ അവിടെ പോയി തിരികെ വന്നു, ‘ഏറെ ഓടിയ വണ്ടി ആയതിനാൽ പതിനായിരം രൂപ തരാമെന്നു പറഞ്ഞു.’

‘ശരി പഴയ കാറുകൾ വാങ്ങുന്ന സ്ഥാപന ത്തിൽ ശ്രമിച്ചു നോക്കൂ.’ ഇത്തവണ മകൻ പരിഭ്രാന്തനായാണ് വന്നത്. ‘ഇന്ത്യയിൽ ഇത്തരം വിന്റേജ് കാർ അഞ്ചെണ്ണമേ ഉള്ളൂ. അവർ മുപ്പതു ലക്ഷം പറഞ്ഞു.



‘ശരി. ഇപ്പോൾ മനസ്സിലായില്ലേ ആ കാറിന്റെ മതിപ്പ് അറിഞ്ഞവർക്കെ ശരിയായ വില പറയാൻ കഴിഞ്ഞുള്ളൂ. നിന്റെ മതിപ്പ് അറിയുന്ന ഇടത്ത് ഇരുന്നാലേ ബഹുമാനം കിട്ടൂ. നിനക്ക് ബഹുമാനം കിട്ടാത്ത ഇടത്തിൽ നിന്ന് ആ നിമിഷം പോരണം,’ അച്ഛൻ പറഞ്ഞു, മകന് അർത്ഥം മനസ്സിലായി.





## നിറസമ്പത്ത് നിലനിൽക്കാൻ...

● നിങ്ങളുടെ നൈസർഗികമായ വളർച്ചയ്ക്ക് പണം ചെലവഴിക്കുക. നിങ്ങൾ ഏതു മേഖലയിൽ വ്യാപരിച്ചാലും അതേപ്പറ്റി വീണ്ടും വീണ്ടും പഠിക്കണം. നിങ്ങളുടെ മിടുക്ക് വർധിച്ചാൽ മാത്രമാണ് നിങ്ങളുടെ വരുമാനം കൂടുക.

● നിങ്ങളുടെ ജോലിയോ കൃഷിയോ വ്യവസായമോ മിതമായ വരുമാനം ആയിരിക്കും നൽകുക. പണത്തെ മികവോടെ മുതൽ മുടക്കി യാൽ പണവും നിങ്ങൾക്ക് വേണ്ടി സമ്പാദിക്കും.

● നിങ്ങൾക്ക് അവശ്യമായ വസ്തുക്കൾ വാങ്ങുന്നതിൽ തെറ്റില്ല. പണം ഉണ്ടെന്നു വച്ച് ഓരോന്ന് വാങ്ങി കൂട്ടരുത്.

● നിങ്ങളെപോലെ സൗകര്യങ്ങളുള്ളവരുമായി ഇടപെടുക. നിങ്ങളേക്കാൾ സൗകര്യമുള്ളവരു മായി ഇടപഴകിയാൽ ആഡംബരത്തിൽ പെടും. ●

# എട്ട് ധനരഹസ്യങ്ങൾ



ധാരാളം സമ്പാദിച്ചവർ പണക്കാർ അല്ല. പണം എങ്ങനെ മുതൽ മുടക്കണം, എങ്ങനെ സമ്പാദിക്കണം , എങ്ങനെ ചെലവഴിക്കണം എന്ന് പഠിച്ച് പ്രാവർത്തികമാക്കുന്നവരാണ് പണക്കാർ. നിങ്ങളെ പണക്കാരൻ ആക്കുന്ന രഹസ്യങ്ങൾ:

● ലക്ഷങ്ങൾ വിലമതിപ്പുള്ള കാർ വാങ്ങി രണ്ടു വർഷത്തിൽ പാതി വിലയ്ക്ക് പലരും വിൽക്കും. ആയിരക്കണക്കിനു രൂപയ്ക്ക് സെൽ ഫോൺ വാങ്ങി ഒരു വർഷത്തിൽ അത് കുറഞ്ഞ വിലയ്ക്ക് എക്സ്ചേഞ്ച് ചെയത് പുതിയ ഫോൺ വാങ്ങും മറ്റു ചിലർ. ഈ ജീവിതശൈലി തെറ്റാണ്. ഇത് പോലെ മതിപ്പ് കുറയുന്ന വസ്തുക്കൾക്ക് അധികം ചെലവു ചെയ്യരുത്. മതിപ്പ് വർദ്ധിക്കുന്ന സ്വർണം, നിലം തുടങ്ങിയവയിൽ മുതൽ മുടക്കണം.

● സമ്പാദിക്കുന്നതിലും അധികം തുക ചെലവഴിക്കരുത്. അതു മൂലം നിങ്ങൾക്ക് കടം വാങ്ങേണ്ടി വരും. ആ കടത്തിന് നൽകേണ്ടി വരുന്ന പലിശ നിങ്ങളെ കടക്കെണിയിൽ പെടുത്തും.

● വായ്പയിൽ ചില മോശം ഇനങ്ങളും ഉണ്ട്. നല്ല വായ്പകളും ഉണ്ട്. ക്രെഡിറ്റ് കാർഡ് വഴി വാങ്ങുന്ന വസ്തുക്കളുടെ തുക അടയ്ക്കാതെ ഉണ്ടാകുന്ന കടം, വ്യക്തിഗത വായ്പ മൂലം ഉണ്ടാകുന്ന കടം എന്നിവ അധിക പലിശ നൽകേണ്ടി വരുന്ന മോശപ്പെട്ട കടങ്ങൾ ആണ്. കടം വാങ്ങി വീട് വാങ്ങിയാൽ അത് നല്ല വായ്പയാണ്. അതിനുള്ള പലിശയും കുറവാണ്. ഈ വ്യത്യാസം മറക്കരുത്.

● കൂട്ടുപലിശ എന്നത് ഈ ലോകത്തിലെ എട്ടാമത്തെ അതിശയമാണ്. ഒരു സേവിംഗ് സ്കീമിൽഅല്ലെങ്കിൽഒരുറിക്കറിംഗ്ഡിപ്പോസിറ്റിൽ നിക്ഷേപിക്കുന്ന പണം പലിശയും കൂട്ടുപലിശയും ചേർന്ന് കുറെ വർഷങ്ങൾ കഴിയുമ്പോൾ വലിയ തുകയായി മാറും. മറുഭാഗത്ത് കടം വാങ്ങി കൂട്ടിയാൽ പലിശയും ഇത് പോലെ വർധിക്കും എന്താണ് ഗുണകരം എന്ന് വിലയിരുത്തി ചെയ്യണം.

● നിങ്ങളുടെ സമ്പാദ്യം, മുതൽ മുടക്ക് സ്വത്ത് എന്നിവ ഇടയ്ക്കിടെ കണക്കിട്ടു നോക്കണം. അതിൽ നിന്ന് നിങ്ങളുടെ കടങ്ങൾ കുറച്ചാൽ എന്ത് വരുന്നുവോ അതാണ് നിങ്ങളുടെ സ്വത്ത്.

● പണം എങ്ങനെ വിനിയോഗം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ് നിങ്ങളുടെ മതിപ്പ് കണക്കാക്കുന്നത്. കണക്കുകൂട്ടലോടെ ജീവിക്കണം. ആവശ്യത്തിനു ചെലവു ചെയ്യണം.

● നിങ്ങളുടെ ജീവിതത്തിന് ഒരു ലക്ഷ്യം ഉള്ളതു പോലെ നിങ്ങളുടെ പണത്തിനും ഒരു ലക്ഷ്യം വേണം. ഈ വർഷം ചെയ്യുന്ന മുതൽ മുടക്ക് അഞ്ചു വർഷങ്ങളിൽ എങ്ങനെ വർധിക്കണം എന്ന് നിശ്ചയിക്കണം. അപ്പോൾ അതിന് അനുസൃതമായ പദ്ധതികൾ നിങ്ങളുടെ മുന്നിൽ തെളിഞ്ഞു വരും. അത് നിങ്ങളുടെ ഭാവിക്ക് വഴികാട്ടിയാകും. ●






# 3,000 മുണ്ടുകളിൽ ഒരുക്കിയ പൂക്കളം...

## ഏഷ്യൻ റെക്കോർഡ് സ്വന്തമാക്കി രാംരാജ് കോട്ടൺ




ഓണാഘോഷത്തിന് മഹാബലി ചക്രവർത്തിയെ വരവേൽക്കാൻ 10 ദിവസം വീടുകളിൽ പൂക്കളം ഒരുക്കുന്നത് പാരമ്പര്യമാണ്. പല നിറങ്ങളിലുള്ള പൂക്കൾ ഉപയോഗിച്ച് ഒരുക്കുന്ന ഈ പൂക്കളം, മുണ്ടുകൾ കൊണ്ട് പടുകൂറ്റനായി തയാറാക്കി രാംരാജ് കോട്ടൺ.

ഈ വർഷത്തെ ഓണം കേരളത്തിലെ ജനതയോടൊപ്പം വൈകാരികമായി ആഘോഷമാക്കും വിധം കൊച്ചി ഫോറം മാളിൽ ഓഗസ്റ്റ് ഒമ്പതാം തീയതി മുണ്ടുകൾ കൊണ്ടുള്ള ഈ പൂക്കളം ഒരുക്കി. രാംരാജ് കോട്ടൺ ഉൽപന്നങ്ങളായ വ്യത്യസ്തമാർന്ന 3,000 മുണ്ടുകൾ ഉപയോഗിച്ച് മണിക്കൂറുകളോളം ചെലവഴിച്ചാണ് ഇത് രൂപപ്പെടുത്തിയത്. 707 ചതുരശ്ര അടി വിസ്തീർണത്തിൽ പടുകൂറ്റനായി ഒരുക്കിയ ഈ ആസ്വാദ്യകരമായ പൂക്കളം ആയിരക്കണക്കിനു പേർ കണ്ട് രസിച്ചു. പലരും മുണ്ട് ഉടുത്തെത്തി ഈ പൂക്കളത്തോടൊപ്പം സെൽഫിയും റീൽസും എടുത്തു.

നമ്മുടെ പാരമ്പര്യ വസ്ത്രമായ മുണ്ടിനെ ബഹുമാന്യ വസ്ത്രമാക്കി മാറ്റുന്ന ദൗത്യം അർപ്പണമനസ്സോടെ നിറവേറ്റി വരുന്ന രാംരാജ് കോട്ടൺ, കേരളത്തിന്റെ പാരമ്പര്യമായ പൂക്കളം പുതുമയാർന്ന രൂപത്തിൽ രൂപപ്പെടുത്തി നൽകിയിരിക്കുകയാണ്.

'മുണ്ടുകൾ ഉപയോഗിച്ച് രൂപപ്പെടുത്തിയ ഏറ്റവും വലിയ പൂക്കളം' എന്ന ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സ് ചരിത്രവും ഇതിലൂടെ രാംരാജ് കോട്ടൺ സൃഷ്ടിച്ചു. •



# നിറസമ്പത്ത് നൽകുന്ന ഫോർമുലകൾ



കണക്കു പഠിക്കാൻ താൽപര്യമുള്ളവർ വളരെ കുറവാണ്. കണക്കു പഠിക്കാൻ ഇഷ്ടമല്ലെങ്കിലും അതിന്റെ അടിസ്ഥാന തത്വങ്ങൾ അറിയാത്തവർക്ക് ധനം മാനേജ് ചെയ്യാൻ കഴിയില്ല. ഇവിടെ ഒരു ദിവസം എല്ലാവർക്കും ലഭിക്കുന്നത് 24 മണിക്കൂർ സമയം മാത്രമാണ്. അതിൽ ഏറെ നേരം എങ്ങനെ ചെലവു ചെയ്യണം എന്നതിന് കണക്കില്ല. അങ്ങനെ എത്ര നേരം അധ്വാനിച്ചാലും ഒരു നിശ്ചിത തുകയേ വരുമാനമായി ലഭിക്കൂ. അതിലും കുടുതൽ വരുമാനം ലഭിക്കണമെങ്കിൽ നിങ്ങളുടെ പണവും നിങ്ങൾക്കായി പ്രവർത്തിക്കണം. നിങ്ങളുടെ കുടുംബത്തിന്റെ സുരക്ഷിതത്വവും വളരെ പ്രധാനമാണ്.

ഒരാൾ എത്ര തുകയ്ക്ക് ഇൻഷുറൻസ് എടുക്കണം, ഒരാവശ്യത്തിന് എത്ര തുക ചെലവഴിക്കണം, നിക്ഷേപം എപ്പോൾ വർധിക്കും, എവിടെ മുതൽ മുടക്കണം എന്നിങ്ങനെ ധന സമ്പാദനത്തിന് ചില രീതികൾ ഉണ്ട്. ഇവയെല്ലാമാണ് അവ:

- ‘നിങ്ങൾ നിക്ഷേപിക്കുന്ന തുക മൂന്നു വർഷങ്ങളിൽ ഇരട്ടിയാകും.’ എന്നെല്ലാം മോഹിപ്പിക്കുന്ന കുറ്റകൃത്യങ്ങൾ പെരുകുകയാണ്. കരുതലോടെ ഇരിക്കുക. സർക്കാരാണ് പലിശ നിശ്ചയിക്കുന്നത്. അതിലും വലുതായി അധികം തുക ആർക്കും കൊടുക്കാൻ കഴിയില്ല. നിങ്ങളുടെ മുതൽ മുടക്ക് എപ്പോൾ ഇരട്ടിയാകും എന്ന് ഫോർമുല 72 വഴി അറിയാൻ കഴിയും. അതായത്, 72 എന്ന സംഖ്യയെ പലിശ കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന സംഖ്യ ഏതാണോ അത്രയും വർഷങ്ങൾ ആകും. ഉദാഹരണത്തിന് പ്രതിവർഷം 8% പലിശ നൽകുന്ന ഫിക്സഡ് ഡിപ്പോസിറ്റിൽ നിങ്ങളുടെ നിക്ഷേപം 9 വർഷങ്ങളിൽ ഇരട്ടിയാകും. സർക്കാർ കടപ്പത്രങ്ങൾ, ഓഹരി അധിഷ്ഠിത മ്യൂചൽ ഫണ്ടുകൾ എന്നിവയിൽ പലിശ കൂടുതലായിരിക്കും അവയിൽ നിക്ഷേപിക്കാം.

• പണപ്പെരുപ്പത്തെ പറ്റി പലരും സംസാരിക്കുന്നത് നാം കേൾക്കാറുണ്ട്. ഇത് എല്ലാവരും അറിയേണ്ട കാര്യമാണ്. പണത്തിനു വിലയുണ്ട്. പക്ഷേ അത് അലമാരയിൽ പൂട്ടിവച്ചാൽ അതിന്റെ മൂല്യം കുറയും. ഉദാഹരണമായി ഇന്ന് 50 രൂപയ്ക്ക് വാങ്ങുന്ന ഒരു വസ്തുവിന് രണ്ടു വർഷം കഴിയുമ്പോൾ 60 രൂപ കൊടുക്കണം. അതായത് പണത്തിന്റെ വില 10 രൂപ കുറഞ്ഞു. പണത്തിന്റെ വില എത്ര കുറയുന്നു എന്നത് ഫോർമുല 70 കൊണ്ട് അറിയാം. അതായത്, 70 എന്ന സംഖ്യയെ പണപ്പെരുപ്പ ശതമാനം കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന സംഖ്യ ഏതോ, അത്രയും വർഷങ്ങൾ ആകും. പണപ്പെരുപ്പം 7 ശതമാനം ആണെങ്കിൽ നിങ്ങളുടെ കൈവശമുള്ള പണത്തിന്റെ വില 10 വർഷങ്ങളിൽ പാതിയായി കുറയും.

• നിങ്ങളുടെ മൊത്ത വരുമാനം എങ്ങനെ ചെലവിടാം? ഇതിന് 50:30:20 എന്ന റൂൾ ഉണ്ട്. അതായത് നിങ്ങളുടെ വരുമാനത്തിൽ 50 ശതമാനം



പലചരക്ക് വാങ്ങാനും യാത്രയ്ക്കും വീട്ടു വാടകയ്ക്കും വൈദ്യുതിക്കും ഇഎംഐ കെട്ടാനും ഉപയോഗിക്കാം. 30 ശതമാനം വിനോദങ്ങൾക്കും, 20 ശതമാനം ഭാവിക്കു വേണ്ടിയും സ്വരുക്കൂട്ടണം.

കുടുംബത്തിൽ ആർക്കെങ്കിലും അപ്രതീക്ഷിതമായി ഉണ്ടാകുന്ന രോഗം ചികിത്സിക്കാനും അതുപോലെയുള്ള അടിയന്തര കാര്യങ്ങൾക്കും ഓരോരുത്തർക്കും പണം ചെലവു ചെയ്യേണ്ടി വരും. ഇത്തരം അവസരങ്ങൾ നേരിടാൻ ഒരു എമർജൻസി ഫണ്ട് ഉണ്ടാകണം. പൊതുവേ പറഞ്ഞാൽ കുടുംബത്തിന്റെ മാസ ചെലവിന്റെ മൂന്നിരട്ടി തുക ഇതിനായി സൂക്ഷിച്ചു വയ്ക്കണം.

• ഭവന വായ്പ, വാഹന വായ്പ, കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായുള്ള വായ്പ തുടങ്ങിയ കാര്യങ്ങൾക്ക് ഒട്ടേറെ പേർ കടം വാങ്ങും. ഈ കടങ്ങൾക്ക് എല്ലാം കൂടി അടയ്ക്കേണ്ട മാസ തുക അഥവാ ഇ എം ഐ ഒരാളുടെ മാസ ശമ്പളത്തിന്റെ 40 ശതമാനത്തിൽ താഴെയേ വരാവൂ.

• കുടുംബനാഥന്മാർ ലൈഫ് ഇൻഷുറൻസ് എടുക്കേണ്ടത് അവശ്യമാണ്. ഗൃഹനാഥന് എന്തെങ്കിലും സംഭവിച്ചാൽ കുടുംബം തകർന്നുപോകും. ലൈഫ് ഇൻഷുറൻസ് അപ്പോൾ സഹായകമാകും. കുറഞ്ഞ പ്രീമിയത്തിൽ വലിയ കവറേജ് നൽകുന്ന ടേം ലൈഫ് ഇൻഷുറൻസ് ചെറിയ പ്രായത്തിലെ തുടങ്ങിയാൽ ഗുണകരമാകും. ഒരാളുടെ വാർഷിക വരുമാനത്തിന്റെ ഇരുപത് ഇരട്ടി വരുന്ന തുകയ്ക്ക് ഇൻഷുറൻസ് എടുക്കുന്നത് നന്നായിരിക്കും. ഉദാഹരണമായി ഒരാളുടെ വാർഷിക വരുമാനം അഞ്ചു ലക്ഷം ആണെങ്കിൽ അയാൾ ഒരു കോടി രൂപയ്ക്ക് പോളിസി എടുക്കണം. ഇതിന് പ്രതിവർഷം 16,000 രൂപ പ്രീമിയം അടച്ചാൽ മതി. പോളിസി കാലം വരെ ആരോഗ്യത്തോടെ ജീവിക്കുന്നവർക്ക് ഇത് തിരികെ ലഭിക്കില്ലെങ്കിലും, നമ്മെ ആശ്രയിച്ചു കഴിയുന്നവർക്ക് ഇത് വലിയ സുരക്ഷിതത്വം നൽകും.

• ഒരാൾ ഒരു പ്രായത്തിൽ എത്ര സ്വത്ത് സമ്പാദിക്കണം. അതിന് ഒരു നടപടിക്രമം ഉണ്ട്. ഒരാളുടെ വയസ്സ് ആ വ്യക്തിയുടെ വാർഷിക വരുമാനം കൊണ്ട് ഗുണിച്ചാൽ ലഭിക്കുന്ന തുക എത്രയാണോ, അതിൽ കുറഞ്ഞ പക്ഷം 20-ൽ ഒരു പങ്കായിരിക്കണം. ഉദാഹരണമായി, 40 വയസ്സുള്ള ഒരാളുടെ വാർഷിക ശമ്പളം 10 ലക്ഷം രൂപ ആണെങ്കിൽ ഇവ രണ്ടും ഗുണിച്ചു നോക്കിയാൽ നാല് കോടി രൂപ വരും. ഇതിൽ ഇരുപതിൽ ഒരു ഭാഗം അല്ലെങ്കിൽ 20 ലക്ഷം രൂപ അവർ സമ്പാദിച്ചിരിക്കണം. ഇല്ലെങ്കിൽ അവർക്ക് ആവശ്യമായ നിക്ഷേപം ഇല്ല എന്നർത്ഥം.

• നിങ്ങൾ റിട്ടയർ ചെയ്യുമ്പോൾ നിങ്ങളുടെ കൈവശം എത്ര പണം ഉണ്ടാകണം? ജോലി വിട്ട ശേഷം ജീവിക്കാൻ ഒരു വർഷത്തെ ചെലവ് എത്രയോ അതിന്റെ 25 ഇരട്ടി തുക നിങ്ങളുടെ സമ്പാദ്യമായി വേണം. അപ്പോൾ അതിൽ നിന്ന് കിട്ടുന്ന പലിശ കൊണ്ട് കുടുംബത്തെ അല്ലലില്ലാതെ പോറ്റാനാകും.



# നിറസമ്പത്ത് നമുക്ക് നല്ല വരം

• നാം സമാധാനത്തോടെ ജീവിക്കണം. അതേപോലെ ജീവിതത്തിൽ വിജയവും നേടണം. അതിന് എന്തെല്ലാം വേണം? നല്ല ആരോഗ്യം, ദീർഘായുസ്സ്, നിറസമ്പത്ത്, പ്രശസ്തി, ആത്മീയ ജ്ഞാനം എന്നിവയോടെ നാം ജീവിക്കണം.

നിങ്ങൾ ഓരോന്ന് കൂട്ടിനോക്കുക. ആരോഗ്യം വേണോ വേണ്ടയോ? അതേ പോലെ ദീർഘ ആയുസ്സ്? നാം തീരുമാനിച്ച കാര്യം വേണ്ട വിധം അവസാനിപ്പിക്കണം. ജ്ഞാനം അറിയുന്നതിനായാണ് നാം പിറന്നിരിക്കുന്നതു തന്നെ. അതിനായാണ് ജീവിത പാതയിൽ ഏറെക്കാലം നാം ചെലവഴിച്ചിരിക്കുന്നത്. അത് കൊണ്ട് ദീർഘായുസ്സ് വേണം. പിന്നിട് ഉള്ളത് നിറസമ്പത്ത്. ഈ ലോകത്ത് കഴിയുമ്പോൾ വേണ്ട സൗകര്യങ്ങൾ ആവശ്യമല്ലേ? എല്ലാം നല്ല വിധത്തിൽ നടക്കുന്നതിനാണ് നിറസമ്പത്ത്.

'ഞാൻ ചെയ്യുന്ന എല്ലാ പ്രവർത്തിയും എല്ലാവർക്കും നന്മ നൽകണം' എന്ന ഉന്നതമായ ചിന്ത പ്രശസ്തി നൽകും. ആ ചിന്ത ഉള്ളവർക്കാണ് പ്രശസ്തി ലഭിക്കുക. അവസാനമായി ആത്മീയജ്ഞാനം. നാം എതു ലക്ഷ്യത്തോടെയാണ് പിറന്നത് ആ ലക്ഷ്യം കൈവരിക്കാൻ യഥാർത്ഥ സത്യത്തെ പറ്റിയുള്ള അറിവ് വേണം.ഈ അഞ്ചു കാര്യങ്ങളെയാണ് 'ആരോഗ്യം, ദീർഘായുസ്സ്, നിറസമ്പത്ത്, ഉന്നതമായ പ്രശസ്തി, ആത്മീയ ജ്ഞാനം എന്നിവയുമായി ജീവിക്കണം എന്ന് പറയുന്നത് കൊണ്ട് അർത്ഥമാക്കുന്നത്..

• സഹന ശേഷി, വിട്ടുകൊടുക്കൽ മനോഭാവം, ത്യാഗം തുടങ്ങിയവ മൂലം നമുക്ക് ചുറ്റുമുള്ള വ്യക്തികളുമായി ജൈവികമായ ബന്ധം സ്ഥാപിക്കാൻ കഴിയും. 'നാം നമ്മുടെ പ്രവൃത്തി കൊണ്ട് ഇവർക്ക് എന്ത് നന്മ ചെയ്യാനാകും' എന്ന് ചിന്തിക്കണം.അതിനായി നിങ്ങളുടെ സ്വഭാവത്തിലോ നിലപാടിലോ മാറ്റം വരുത്തേണ്ടതില്ല. നിങ്ങളുടെ നിലപാട് അനുസരിച്ചു പ്രവർത്തിച്ചാൽ മതി. ഒരാൾക്ക് എന്തെങ്കിലും നന്മ ചെയ്യണം എന്ന ലക്ഷ്യം നമ്മുടെ മനസ്സിൽ ഉണ്ടെങ്കിൽ അത് നന്നായി നടക്കും.

## ഗുരുശ്രേഷ്ഠൻ വേദാദ്രി മഹർഷി

നിങ്ങൾ എന്ത് ചെയ്യണം എന്ന് തീരുമാനിച്ച് അങ്ങനെ ചെയ്യാനുള്ള താൽപര്യം ശക്തിപ്പെടുത്തുമ്പോൾ നിറസമ്പത്ത് കൈവന്നതു പോലെ മനോഭാവത്തിൽ മാറ്റം ഉണ്ടാകും.

● പ്രകൃതി, സമുദായം, വ്യക്തി എന്നീ മൂന്നു ഘടകങ്ങൾ ചേരുന്നതാണ് ജീവിതം.ജീവിതം വിജയകരമാകാൻ സമൂഹവുമായി ബന്ധപ്പെട്ടു ജീവിക്കണം. അത് മാനിച്ചു ജീവിക്കണം. അതോടൊപ്പം ഏതു കാര്യത്തിനായാണ് നാം പിറന്നിരിക്കുന്നതെന്ന് അറിയണം. ആ ഉന്നത ലക്ഷ്യത്തിന് അനുസരിച്ച് നമ്മുടെ ജീവിത രീതി മാറണം.

അപ്പോഴാണ് ദുഃഖത്തെ തോൽപിക്കാനാവില്ലെങ്കിലും നമുക്ക് ജീവിക്കാൻ കഴിയുക. തെറ്റുകളാൽ നാം പെട്ടു പോയ ദുഃഖങ്ങളിൽ നിന്ന് മോചനം നേടാം. മറ്റുള്ളവർ മൂലം നമുക്ക് ഉണ്ടാകുന്ന വൈഷമ്യങ്ങളിൽ നിന്നും നമ്മെ നമുക്ക് കാക്കാം.

● നമുക്കും മറ്റുള്ളവർക്കും ഇപ്പോഴും പിന്നിടും ദുഃഖം വരാത്ത പ്രവർത്തികൾ നാം ചെയ്യണം. സാധ്യമായ വിധം മറ്റുള്ളവരെ സഹായിക്കണം. ഇതാണ് വേദങ്ങളും പുരാണങ്ങളും നൽകുന്ന ഉപദേശങ്ങളുടെ പൊരുൾ. നമ്മളാൽ കഴിയും വിധം മറ്റുള്ള വരുടെ ദുഃഖം തീർക്കാൻ നമുക്ക് കഴിയണം. അതു വഴി നമുക്ക് വിഷമം വരാതെയും നാം നോക്കണം.

നമുക്കും മറ്റുള്ളവർക്കും ദുഃഖം ഇല്ലാതെ ജീവിക്കാൻ കഴിയുന്നത് മഹത്തരമായ കാര്യമാണ്. നമുക്ക് എന്താണ് ആവശ്യം അതിന് അനുസൃതമായ സാഹചര്യം ഈ ലോകത്ത് താനേ ഉണ്ടാകും. അതിനായി നാം യാചനയോടെ ഒന്നും ചെയ്യേണ്ടതില്ല. ഏത് ഇടത്തിൽ ഏതു കാലത്തിൽ ഏതു ലക്ഷ്യത്തോടെ ഏതു പ്രവർത്തിയും മികച്ച വിധത്തിൽ ചെയ്യുന്നുവോ അതിനു അനുസരിച്ച് നമുക്ക് ഫലവും ലഭിക്കും, വിജയവും കൈവരും.

● ജീവിതത്തിൽ എന്നും സന്തോഷം ഉണ്ടാകണം. അതിന് ചതിയും വഞ്ചനയും ഇല്ലാതെ ജീവിക്കണം. ദുരാഗ്രഹം, അറിവില്ലായ്മ, കള്ളക്കണക്ക്, തട്ടിപ്പ്, പക, പ്രകൃതി ദുരന്തം എന്നിങ്ങനെ ആറു വിധത്തിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നു. ചതി മൂലം നിർഭാഗ്യവും ദുഃഖവും ഉണ്ടാകും.

മിക്കവരുടെയും ജീവിതത്തിൽ ഉണ്ടാകുന്ന വിഷമങ്ങൾക്ക് പിന്നിൽ ചതിയും വഞ്ചനയുമാണ്. ചതിയിൽ പെടാതിരിക്കാനുള്ള മികച്ച ചിന്തയും ആ ചിന്ത മൂലം ലഭിക്കുന്ന ധാരണ പ്രവൃത്തിപഥത്തിൽ കൊണ്ടു വരാനുള്ള അറിവും ജ്ഞാനവും നമുക്ക് വേണം. നല്ല ചിന്തകൾ ഉപയോഗപ്പെടുത്തി നല്ല തീരുമാനങ്ങൾ നാം കൈക്കൊള്ളണം. ആ തീരുമാനങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടു വരാനുള്ള കഴിവും ധൈര്യവും നമുക്ക് ഉണ്ടാകണം. ഈ ചിന്തയും അതിനാൽ ഉണ്ടാകുന്ന ധാരണയും ശാന്തമായ ജീവിത രീതിയും നമുക്ക് വിജയവും സമാധാനവും നൽകും.



● ആഗ്രഹങ്ങൾ ഓരോന്നോരോന്നായി എടുത്ത് പ്രവർത്തിയാക്കി മാറ്റാൻ പദ്ധതിയിടണം. ഒരു സമയം ഒരു കാര്യത്തിൽ ശ്രദ്ധിച്ചാൽ എല്ലാം നിങ്ങൾക്ക് സാധിക്കാം. നിറവേറ്റാനാവാത്ത ആഗ്രഹങ്ങൾ മനസ്സിൽ കുന്നു കൂട്ടിയിട്ടിട്ട് എന്ത് കാര്യം? മനസ്സമാധാനവും മനോബലവും കാര്യശേഷിയും സദ്ഗുണങ്ങളും നിങ്ങളെ കൈവിടും.

ഇവയെല്ലാം മാറ്റാൻ പ്രവർത്തന പദ്ധതികൾ സഹായിക്കും. ഈ ശ്രമം വിജയിക്കുന്നതോടെ മനസ്സ് സന്തുഷ്ടമായി മാറും. ധൈര്യം ഉണ്ടാകും. എന്തും സാധിക്കാനാകും എന്ന തോന്നൽ ഉണ്ടാകും. മനസ്സ് വിശാലമാകുന്നതോടെ ഉത്തരവാദിത്തബോധവും സ്നേഹവും ഉൾപ്പടെ വ്യത്യസ്ത ഗുണങ്ങളും കൂടെ വരും. നിങ്ങൾ മുന്നിട്ടിറങ്ങുന്ന കാര്യങ്ങളിൽ വിജയം നേടും. ●

## നിറസമ്പത്ത് നൽകുന്ന നാല് സന്തോഷങ്ങൾ



'നമ്മുടെ കൈവശം ആവശ്യമായ പണം ഉണ്ട്' എന്ന ധാരണ നൽകുന്ന സന്തോഷം ഒന്ന് വേറെ തന്നെയാണ്. 'നിറസമ്പത്ത് നമുക്ക് നാല് വിധത്തിൽ സന്തോഷം തരും' എന്ന് ബുദ്ധൻ പറയുന്നു

● 'നമ്മുടെ പക്കൽ വേണ്ടത്ര സമ്പത്ത് ഉണ്ട്' എന്നതിൽ ലഭിക്കുന്ന സന്തോഷം ആദ്യത്തേത്. നാട്ടിലെ വലിയ കോടീശ്വരനേ ഈ സന്തോഷം ലഭിക്കൂ എന്നില്ല. മതി എന്ന മനസ്സുള്ള ആർക്കും നിറവോടെ ഇത് അനുഭവിക്കാം.

● 'നേർവഴിയിലാണ് സമ്പാദിച്ചത്' എന്നത് മൂലം ലഭിക്കുന്ന സന്തോഷം രണ്ടാമത്തേത്. ആരെയും വഞ്ചിക്കാതെ പണം സമ്പാദിച്ചാൽ ഈ നിറവ് ലഭിക്കും.

● 'കഴുത്തു ഞെരിക്കുന്ന വലിയ കടങ്ങൾ ഇല്ലാതെ സമാധാനമായി കഴിയുന്നു' എന്നതിൽ ലഭിക്കുന്ന സന്തോഷമാണ് മൂന്നാമത്. നിറവ് തരുന്ന കാര്യമല്ലേ ഇത്?

● 'മറ്റുള്ളവർക്ക് സഹായം ചെയ്യാൻ കഴിയുന്ന വിധം ഉന്നതമായ നിലയിൽ നമ്മെ ഈശ്വരൻ പ്രതിഷ്ഠിച്ചിരിക്കുന്നു' എന്നതിൽ കിട്ടുന്ന സന്തോഷമാണ് നാലാമത്തേത്. മറ്റുള്ളവർക്ക് കഴിയുന്ന സഹായം ചെയ്യുന്നതിൽ നിറവ് ലഭിക്കും.



## വിജയികളുടെ പണ ശീലങ്ങൾ

വിജയികൾ പണത്തിന്റെ കാര്യത്തിൽ എത്തരത്തിലുള്ള ശീലങ്ങൾ വച്ചിരിക്കുന്നു എന്നത് അറിഞ്ഞ് പിൻപറ്റിയാൽ നമ്മുടെ ഭാവി മികവുറ്റതാകും. ആ ശീലങ്ങൾ:

● അവർ ഒരേ ഇടത്തിലോ ഒരേ മേഖലയിലോ മാത്രം മുതൽ മുടക്കാറില്ല. പണത്തെ പലതായി പകുത്ത് വിവിധ ഇടങ്ങളിൽ നിക്ഷേപിക്കും. ഫിക്സഡ് ഡിപ്പോസിറ്റ്, സ്ഥലം, സ്വർണം, ഓഹരി എന്നിങ്ങനെ വിഭജിച്ചു നിക്ഷേപിച്ചാൽ പണം കൊയ്യാം.

● കൂടുതൽ പലിശയുള്ള മോശം വായ്പകൾ അവർ വാങ്ങാറില്ല. തങ്ങളുടെ പണം പലിശ കൊടുത്തു പാഴാകുന്നത് അവർ തടയും.

● തങ്ങളുടെകാര്യങ്ങളും തങ്ങളുടെവസ്തുക്കളും സൂക്ഷ്മമായി സംരക്ഷിച്ചു കൊണ്ട് ഭാവിയിലെ പ്രശ്നങ്ങൾ അവർ തടുക്കും.

● ഓരോന്നിനും ബജറ്റ് തയാറാക്കി അതനുസരിച്ച് പദ്ധതി രൂപപ്പെടുത്തും. അതിനു വേണ്ട പണം മുടക്കും.

● പണത്തിന്റെ കാര്യത്തിൽ അവർ ഒരു തീരുമാനവും മാറ്റി വയ്ക്കില്ല. അവർ ഉടനടി തീരുമാനം എടുക്കും.

● പണ നഷ്ടവും വഞ്ചനയും ഒഴിവാക്കാൻ കരുതലോടെ പ്രവർത്തിക്കും. പണം സുരക്ഷിതമാക്കാൻ ജാഗരൂകരായിരിക്കും.

● അധിക പലിശ, അധിക ലാഭം, പെട്ടെന്ന് പണം ഇരട്ടിപ്പിക്കുക പോലെയുള്ള മോഹിപ്പിക്കുന്ന തട്ടിപ്പുകളിൽ വീഴാതെ അവർ എപ്പോഴും നോക്കും.



## കാത്തിരിക്കുന്നതിൽ അർത്ഥമില്ല

കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ മകൻ ജോലി തേടാതെ, കൂട്ടുകാരുമായി ചുറ്റിയടിക്കുകയാണ്. ക്ഷമയോടെ കാത്തിരുന്ന അച്ഛൻ ഒരു ദിവസം അവനുമായി സംസാരിച്ചു, 'കുഞ്ഞിനാണ് കരഞ്ഞാൽ ഉടനേ പാൽ കൊടുക്കുന്നത്. നീ വളർന്നു. ഒന്നും നിന്നെ തേടി വരില്ല. അവസരങ്ങൾ നീ തന്നെ കണ്ടെത്തണം' എന്ന് പറഞ്ഞു.'

ആ സമയം ദേഷ്യം വന്നെങ്കിലും രോഷത്തോടെ ജോലി തേടി. എന്തൊക്കെയോ ജോലികൾ ചെയ്ത് ഒടുവിൽ രണ്ട് വർഷങ്ങളിൽ ഒരു നല്ല സ്ഥാപനത്തിൽ ഉത്തരവാദപ്പെട്ട ജോലിയിൽ കയറി. ആ ജോലി തനിക്ക് സമൂഹത്തിൽ നൽകിയ മതിപ്പ് ബോധ്യപ്പെട്ടപ്പോഴാണ് അവന് അച്ഛൻ നൽകിയ ഉപദേശത്തിന്റെ വില മനസ്സിലായത്.

ആരെങ്കിലും നമ്മുടെ പ്രശ്നം തീർക്കും, ആരെങ്കിലും നമുക്ക് അവസരം തരും എന്നെല്ലാം കരുതി കാത്തിരിക്കുന്നതിൽ അർത്ഥമില്ല. നമുക്ക് ആവശ്യമായ അവസരം നാം സ്വയം കണ്ടെത്തണം.

## വീണ്ടും വേണമെങ്കിൽ...

ആദവ് പത്താം ക്ലാസിൽ പഠിക്കുകയാണ്. അച്ഛൻ അവന് വിലപിടിപ്പുള്ള ഒരു സ്മാർട്ട് വാച്ച് വാങ്ങി നൽകി. അവൻ അത് സുഹൃത്തുക്കളെ കാട്ടി. ഒരു ആഴ്ചയ്ക്കുള്ളിൽ അവൻ കളിക്കുമ്പോൾ താഴെ വീണ് വാച്ച് പൊട്ടിപ്പോയി.

ഭയത്തോടെ വിവരം അച്ഛനോട് പറഞ്ഞു. അച്ഛൻ അവനെ ശാസിച്ചില്ല.'സാരമില്ല.പുതിയ വാച്ച് വാങ്ങാം' എന്ന് അച്ഛൻ പറഞ്ഞു. അവന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. അതിനു ശേഷം അച്ഛൻ ഓരോ നിബന്ധനകൾ വച്ചു. 'ഉടനേ വാച്ചു വാങ്ങി തരില്ല. ഇടയ്ക്കിടെ ചെറിയ ജോലികൾ ചെയ്യാൻ പറയും. അതെല്ലാം ചെയ്തു തീർത്താൽ പണം തരും. അത് കൂട്ടി വയ്ക്കണം.അത് വച്ച് നമുക്ക് ഒരു പുതിയ വാച്ച് വാങ്ങാം.'

വാരാന്ത്യത്തിൽ തോട്ടത്തിൽ ജോലി ചെയ്യുന്നതും വീട്ടിൽ മുറി വൃത്തിയാക്കുന്നതും ഒക്കെ അവന്റെ ജോലിയായി. കിടക്ക വിരികൾ ടെറസിൽ വെയിൽ കായാൻ കൊണ്ടു വിരിക്കുന്നതും അത് കട്ടിലിൽ വിരിക്കുന്നതും അവന്റെ പതിവായി. അച്ഛൻ നൽകുന്ന പണം അവൻ ഹുണ്ടിയിൽ ഇട്ടു സൂക്ഷിച്ചു. അങ്ങനെ പുതിയ വാച്ച് വാങ്ങാൻ അഞ്ചു മാസം സമയമെടുത്തു.

എന്നാൽ ഈ ഇടവേളയിൽ അവൻ വീട്ടുജോലികൾ നന്നായി പഠിച്ചു. അച്ചടക്കം ശീലിച്ചു. സമ്പാദിക്കാൻ പഠിച്ചു. പണത്തിന്റെ വിലയും അറിഞ്ഞു. വാച്ച് വീണ്ടും കിട്ടി എന്ന് മാത്രമല്ല പുതിയ പാഠങ്ങൾ പഠിക്കുകയും ചെയ്തു. ഈ വാച്ച് അവൻ ഇനി സുരക്ഷിതമായി കരുതലോടെ കാക്കും. ●



RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

# വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 9 ലക്കം 2
ഒക്ടോബർ 2026

ഓണററി എഡിറ്റർ
**കെ ആർ നാഗരാജൻ**

പത്രാധിപർ
**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ
**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ (പ്രൈ) ലിമിറ്റഡ്,
നം. 188, ഗ്രൗണ്ട് ഫ്ലോർ,
14-ആമത് ക്രോസ് സ്ട്രീറ്റ് ജങ്ഷൻ,
ഡിഫെൻസ് കോളനി,
ഈക്കാട്ടുതാങ്കൽ,
ചെന്നൈ - 600 032
മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by
K.R. NAGARAJAN,
Published from10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net

# സമ്പത്തും യാഥാർത്ഥ്യവും

'ഒരാൾക്ക്എത്രഭൂമിവേണം?'ലിയോടോൾസ്റ്റോയി എഴുതിയ മനോഹരമായ ഒരു ചെറുകഥയാണ് അത്. ഭൂമി വാങ്ങാൻ എത്തുന്ന വ്യക്തിയോട് അയാൾക്ക് ആ ഭൂമിയിൽ ചുറ്റി നടന്നു വരാൻ കഴിയുന്ന അത്രയും ഇടം നൽകാമെന്ന് ഭൂ ഉടമ പറയുന്നു. അത്യാർത്തിയോടെ അയാളാ ഭൂമിക്കു ചുറ്റും നടക്കുന്നു. നടന്നു നടന്ന് അയാൾ പരവശനാകുന്നു. വിശപ്പും ദാഹവും കൊണ്ട് അയാൾ ലക്ഷ്യത്തിൽ എത്താതെ മരിക്കുന്നു. അവസാനമായി അയാൾക്ക് വേണ്ടിവന്നത് ആറടി മണ്ണ് മാത്രം. യോഗിതുല്യനായ എഴുത്തുകാരന്റെ ചിന്തയുടെ ആഴവും നാം സമ്പാദിക്കുന്ന സ്വത്തിന്റെ പൊള്ളത്തരവും വ്യക്തമാക്കുന്ന കഥയാണ് ഇത്. നമുക്ക് ആവുന്നത്ര ധനം സമ്പാദിക്കാം. പക്ഷേ അത് എത്ര മാത്രം ഫലപ്രദമാണ്. പണം വേണ്ട എന്നല്ല ഇതിന് അർത്ഥം. നമ്മുടെ മനസ്സിന് നിറവും മറ്റുള്ളവർക്ക് സഹായവും ചെയ്യുന്ന വിധത്തിൽ ലഭിക്കുന്ന ധനത്തിനാണ് വില. നിറ സമ്പത്ത് നാം ആർജിച്ചാലേ നമുക്ക് നേട്ടമുള്ളൂ.

ധന സമ്പാദനം ജീവിതത്തിൽ പ്രധാന കാര്യമാണ്. അത് എങ്ങനെ സമ്പാദിക്കുന്നു എന്നതും അതേപോലെ പ്രധാനമാണ്. കള്ളക്കണക്ക് എഴുതിയോ ചതിയിലോ വഞ്ചനയിലോ നേടുന്നത് ആകരുത് അത്. നേർവഴിക്കു സമ്പാദിക്കുന്ന തുക ആകണം അത്. എത്ര പണം സമ്പാദിക്കുന്നു എന്നതല്ല, അത് എങ്ങനെ വിനിയോഗിക്കുന്നു എന്നതാണ് പ്രധാനം. എങ്ങനെ മറ്റുള്ളവർക്ക് ഉതകി ഓരോ സമ്പത്തും വലിയ നിറവ് നൽകുന്ന അനുഭവമാക്കി മാറ്റുന്നു എന്നതാണ് പ്രധാനം.

സമ്പാദ്യം എളുപ്പമല്ല. പക്ഷേ അത് തേടിപ്പോകുന്നവർക്കല്ല ലഭിക്കുക. സ്വാഭാവികമായി സ്വന്തം കർമ്മത്തിന് പിന്നാലെ നടക്കുന്നവർക്ക് അത് ലഭിക്കും. പക്ഷേ അതിനു പിന്നിൽ നമ്മുടെ സിദ്ധിയും സാധനയും അടങ്ങുന്നു.അതു കൊണ്ട് നിങ്ങളുടെ ശക്തിയിൽ സ്വയം കേന്ദ്രീകരിക്കണം. അതുപയോഗിച്ചു മുന്നേറണം.

ഏതാണോ നമുക്ക് പാശങ്ങളിൽ നിന്ന് മോചനവും ആത്യന്തികമായി സന്തോഷവും നൽകുന്നത്. അതാണ് നിറസമ്പത്ത്. നിർമമമായി സ്വത്തും ധനവുംസമാഹരിക്കുകയും വിനിയോഗിക്കുകയും ചെയ്യുമ്പോൾ നാം യഥാർത്ഥ സന്തോഷം അടുത്തറിയുന്നു.ആ നിറ സമ്പത്ത് ആകട്ടെ നിങ്ങളുടെ ജീവിത വഴികാട്ടി; അത് നിങ്ങളെ മുന്നോട്ടു നയിക്കും. ●



mrithu®
super soft towels
by RAMRAJ©


UNIBRO®
Athleisure • Innerwear
From the house of
RAMRAJ®


LINEN PARK®
SHIRTS • TROUSERS • FABRICS
by RAMRAJ
UP CLOSE
FINE WEAVE
TEXTURE THAT SPEAKS


RAMYYAM®
SAREES • KURTIS
From the house of
RAMRAJ

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

**നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?**

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം.

**ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ**
**രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ**

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

**വെണ്മ**
**രാംരാജ് വി ടവർ.**
**10, ചെങ്കുന്തപുരം, മംഗലം റോഡ്,**
**തിരുപ്പൂർ-641 604**
**email: venmaii@ramrajcotton.net**

**സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.**
**ഫോൺ:**
**0421-4304106, 98422 74137**

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**
രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**
രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**



# വായ്പാ നിയമങ്ങളിൽ കരുതലായിരിക്കണം

അമ്മയുടെ അടുത്തേക്ക് ഓടിയെത്തിയ മകൻ, 'അമ്മേ, ബാങ്കിൽ നിന്ന് വായ്പ എടുക്കാൻ പോകുന്നെന്നു കേട്ടു... അത് വാങ്ങരുതേ' എന്ന് ആവശ്യപ്പെട്ടു. 'എന്തേ?' എന്ന് ചോദിച്ചു അമ്മ.

'കടം വാങ്ങുന്നത് അപകടമല്ലേ! അത് നമ്മെ കഷ്ടത്തിലേക്ക് തള്ളും. ബാങ്കുകാർ നമ്മുടെ പണമെല്ലാം പിടിച്ചു വാങ്ങും' എന്ന് പറഞ്ഞു മകൻ.

അമ്മ സൗമ്യമായി മകനോട് വിശദീകരിച്ചു. 'അതല്ലട, ഞാൻ ടെയ്‌ലറിംഗ് ബിസിനസ് ചെയ്യുകയാണ്. ഇപ്പോൾ ധാരാളം ഓർഡർ വരുന്നുണ്ട്. ഇനിയും ഏഴെട്ട് മെഷീനുകൾ വാങ്ങി ബിസിനസ് വിപുലീകരിക്കാമെന്ന് വിചാരിക്കുന്നു. വലിയ ഇടം വാടകയ്ക്ക് എടുക്കണം, മെഷീൻ വാങ്ങണം. അതിനെല്ലാം നമ്മുടെ പക്കൽ പണം ഇല്ലാഞ്ഞിട്ടല്ലേ വായ്പ എടുക്കുന്നത്. ഒരു കണക്കിന് വായ്പ എന്നത് നാം വളരാനായി ബാങ്ക് നൽകുന്ന ഒരു അവസരമാണ്. മനസ്സിലായോ?'

'പക്ഷേ, അതിന് അവർ എന്തിനാണ് പലിശ വാങ്ങുന്നത്?'

'കടയിൽപോയിഎല്ലാംപണംനൽകിയാണല്ലോ വാങ്ങുന്നത്. ഒന്നും വെറുതേ ലഭിക്കില്ല. മറ്റുള്ളവർ നിക്ഷേപിച്ചിരിക്കുന്ന പണം ബാങ്ക് നമുക്ക് നൽകും. നമ്മുടെ കൈയിൽ നിന്ന് പലിശ വാങ്ങിയാണ് നിക്ഷേപിച്ചവർക്ക് പലിശ നൽകുന്നത്. ഇത് ഒരു ബിസിനസ് ആണ്, മനസ്സിലായോ?'

'പക്ഷേ, കടം വാങ്ങുന്നത് തെറ്റാണെന്ന് എല്ലാവരും പറയുന്നുണ്ടല്ലോ?'

'കടം എന്തിനാണ് വാങ്ങുന്നത് എന്നതിൽ ശ്രദ്ധ വേണം. നാം മുന്നേറാൻ കടം വാങ്ങുന്നതിൽ തെറ്റില്ല. ആഡംബര ചെലവിന് കടം വാങ്ങരുത്' എന്ന് അമ്മ വിശദീകരിച്ചപ്പോൾ മകന് മനസ്സിലായി.

രാജ്യങ്ങൾ തന്നെ കടം വാങ്ങുമ്പോൾ, വീടുകൾ കടമില്ലാതെ മുന്നോട്ടു പോകില്ല. ദിവസവും സെൽഫോണിൽ വരുന്ന കോളുകളിലൂടെ, 'ക്രെഡിറ്റ് കാർഡ് വേണോ', 'പേഴ്സണൽ ലോൺ വേണോ?' എന്നിങ്ങനെ ചൂണ്ടയിട്ടു നോക്കും. കരുതലായിരിക്കുന്നവർ ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്രദമായി വിനിയോഗിക്കും. കാലിടറുന്നവർ, തിരിച്ചടയ്ക്കാനാകാത്ത വായ്പാ പാതാളത്തിലേക്ക് പതിക്കും. കടം വാങ്ങുന്ന കാര്യത്തിൽ എങ്ങനെ ആയിരിക്കണം? ഇതാ ചില നിയമങ്ങൾ:

- നിങ്ങൾക്ക് തിരിച്ചടയ്ക്കാൻ കഴിയുന്ന അളവിലേ കടം വാങ്ങാവൂ. നിങ്ങളുടെ മാസ വരുമാനത്തിൽ, വായ്പകൾക്ക് തിരിച്ചടയ്ക്കുന്ന മാസ തവണ എത്രയെന്ന് കണക്കാക്കണം. വരുമാനത്തിൽ 50 ശതമാനത്തിനു മുകളിൽ തവണകൾ അടയ്ക്കുകയാണെങ്കിൽ, നിങ്ങൾ കുടുംബംമുന്നോട്ടുകൊണ്ടുപോകാൻബുദ്ധിമുട്ടും.
- ഏത് വായ്പ വാങ്ങിയാലും, അത്

തിരിച്ചടയ്ക്കുന്ന തവണ കാലം കുറവായിരിക്കാൻ ശ്രദ്ധിക്കണം. അത് 15 വർഷങ്ങൾക്കു പകരം 20 വർഷങ്ങളിലാണ് തിരിച്ചടയ്ക്കേണ്ടതെങ്കിൽ, മാസ തവണ കുറവായിരിക്കും. പക്ഷേ പലിശ കൂടുതൽ നൽകേണ്ടി വരും. എന്നാൽ, 15 വർഷങ്ങളിൽ തിരിച്ചടച്ചാൽ മാസാമാസം കൂടുതലായി തവണ വരുന്നതായി തോന്നും. പക്ഷേ, പലിശയായി നിങ്ങളുടെ പണം പാഴാകുന്നത് കുറയും.

● ഏത് വായ്പയും തിരിച്ചടയ്ക്കുന്നതിൽ ഒരു ചിട്ട പാലിക്കണം. ക്രെഡിറ്റ് കാർഡിൽ പണം കെട്ടേണ്ടതുണ്ടെങ്കിലും ഭവന വായ്പ തവണ അടയ്ക്കേണ്ടതുണ്ടെങ്കിലും അവസാന തീയതി തെറ്റിക്കരുത്. വൈകിയാലോ മാസ തവണ മുടങ്ങിയാലോ നിങ്ങളുടെ ക്രെഡിറ്റ് വിശ്വാസ്യത ബാധിക്കപ്പെടും. ഓരോരുത്തരും വാങ്ങിയ വായ്പ എങ്ങനെയാണ് തിരിച്ചടയ്ക്കുന്നത് എന്നതിന് അനുസരിച്ച് അവർക്ക് മാർക്കിടും. 'സിബിൽ'




സ്കോർ എന്നറിയപ്പെടുന്ന ഇത് നോക്കിയാണ് ബാങ്കുകൾ വായ്പ അനുവദിക്കുന്നത്.

● എന്തിനാണ് വായ്പ എടുക്കുന്നത് എന്നതിൽ ശ്രദ്ധ ഉണ്ടായിരിക്കണം. വായ്പ എടുത്ത് വീടു വയ്ക്കാം, വസ്തു വാങ്ങാം. വിദ്യാഭ്യാസ വായ്പ എടുത്ത് കുട്ടികളെ പഠിപ്പിക്കാം. വായ്പ എടുത്ത് വിവാഹം നടത്താം. കച്ചവടത്തിനോ ബിസിനസിനോ ആയി വായ്പ എടുക്കാം. ഇത്തരത്തിലുള്ള വായ്പകൾ സ്വത്ത് വാങ്ങാനോ കുടുംബ ഉത്തരവാദിത്തങ്ങൾ നിറവേറ്റാനോ ആയിരിക്കും നിങ്ങൾ ഉപയോഗിക്കുക. എന്നാൽ വായ്പ എടുത്ത് കുടുംബത്തോടെ വിദേശ സഞ്ചാരത്തിന് പോകുന്നത് ആഡംബരമാണ്.




● ഭാവിക്കു വേണ്ടിയുള്ള നിക്ഷേപം വായ്പ എടുത്ത് ചെയ്യരുത്. ചിലർ വായ്പ എടുത്ത് ഫിക്സഡ് ഡെപ്പോസിറ്റിൽ നിക്ഷേപിക്കും. ചിലർ ഓഹരി വിപണിയിൽ പരീക്ഷിക്കും. വായ്പയ്ക്ക് അടയ്ക്കുന്ന പലിശ കണക്കാക്കിയാൽ, ഫിക്സഡ് ഡെപ്പോസിറ്റ് വലിയ ലാഭം നൽകില്ല. ഓഹരി വിപണിയിൽ കാലിടറിയാൽ, മുതൽ പോലും അപ്രത്യക്ഷമാകും.

● ഭവന വായ്പ, വാഹന വായ്പ എന്നിങ്ങനെ ലക്ഷക്കണക്കിന് വായ്പ എടുക്കുമ്പോൾ മറക്കാതെ ആ വായ്പ ഇൻഷുർ ചെയ്യണം. ഇത് കൂടുതൽ ചെലവു തന്നെയാണ്. എന്നിരുന്നാലും വായ്പ എടുത്ത വ്യക്തിക്ക് അപ്രതീക്ഷിത അല്ലൽ ഉണ്ടാകുമ്പോൾ തവണ കെട്ടേണ്ട ബാധ്യത കുടുംബത്തിന്റെ തലയിൽ വീഴില്ല.

● ഏത് വായ്പ എടുത്താലും, അതുമായി ബന്ധപ്പെട്ട നിയമങ്ങളും നിബന്ധനകളും വ്യക്തമായി അറിഞ്ഞിരിക്കണം. നിയമങ്ങൾ കൃത്യമായി മനസ്സിലാക്കാതെ വായ്പ എടുത്താൽ, ഭാവിയിൽ ബുദ്ധിമുട്ടാകും.

● വായ്പകൾ നിരവധി എടുത്തിട്ടുണ്ടെങ്കിൽ, കൂടുതൽ പലിശ വിഴുങ്ങുന്ന വായ്പ ആദ്യം അടയ്ക്കണം. അത് അടയ്ക്കാൻ കുറഞ്ഞ പലിശയിൽ മറ്റൊരു വായ്പ പോലും എടുക്കാം.

● വിരമിക്കൽ കാലത്തിനു വേണ്ടി സമ്പാദിച്ചത് എടുത്ത് മറ്റു ചെലവുകൾ ചെയ്യരുത്. പകരം വായ്പ എടുക്കാം. എന്തെന്നാൽ, റിട്ടയർമെന്റിൽ നിങ്ങൾക്ക് വായ്പ എടുക്കാൻ കഴിയില്ല. ●



# നിറസമ്പത്ത് നൽകുന്ന നാല് ഹോർമോണുകൾ

ഡോക്ടർമാർഒരുകാര്യംമറക്കാതെപറയാറുണ്ട്. 'മനുഷ്യർ ആത്മസംതൃപ്തിയോടെയും സന്തോഷത്തോടെയും ജീവിക്കാൻ നാല് ഹോർമോണുകളാണ് കാരണം. ഒരു വ്യക്തി എത്തരത്തിലുള്ള ചുറ്റുപാടിൽ ജീവിച്ചാലും ശരി... ഈ ഹോർമോണുകൾ വേണ്ടത്ര ഉൽപാദിപ്പിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്താൽ മതി. സന്തോഷവും ആത്മസംതൃപ്തിയും കൈവരും.'

ഇവയാണ് ആ നാല് ഹോർമോണുകൾ... എൻഡോർഫിൻ, ഡോപമീൻ, സെറടോണിൻ, ഓക്സിടോസിൻ. ഉച്ചരിക്കാൻ ബുദ്ധിമുട്ടുള്ള പേരുകളാണെങ്കിലും ഇവ ലഭിക്കാൻ നാം ഏറെ കഷ്ടപ്പെടേണ്ട ആവശ്യമില്ല.

● നാം വ്യായാമം ചെയ്യുമ്പോൾ നമ്മുടെ ശരീരത്തിൽ എൻഡോർഫിൻ ഉൽപാദിപ്പിക്കും. ദിവസവും അര മണിക്കൂർ നടക്കുകയോ ചെയ്താൽ, വേണ്ടത്ര അളവിൽ എൻഡോർഫിൻ ലഭിക്കും. എല്ലാം മറന്ന് ചിരിച്ചാലും ഇത് കൂടുതൽ ഉൽപാദിപ്പിക്കും. നർമ്മം തുളുമ്പുന്ന രംഗങ്ങൾ കാണുന്നതും ഇതിന് സഹായിക്കും. മാനസിക സമ്മർദ്ദവും ശാരീരിക വേദനയും മറക്കാൻ സഹായിക്കുന്ന ഹോർമോൺ ആണ് ഇത്.

● രണ്ടാമത്തെ ഹോർമോൺ, ഡോപമീൻ. ചെറിയ ജോലിയോ വലിയ ദൗത്യമോ ഒന്ന് പൂർത്തിയാക്കിക്കഴിഞ്ഞാൽ, മനസ്സിൽ ഒരു സംതൃപ്തി ലഭിക്കും, ഇല്ലേ? അപ്പോഴാണ് ഇത് ഉൽപാദിപ്പിക്കുന്നത്. 'ഇത് നിങ്ങൾ നന്നായി ചെയ്തിട്ടുണ്ട്' എന്ന് ആരെങ്കിലും അഭിനന്ദിക്കുമ്പോൾ ധാരാളം ഡോപമീൻ ഉൽപാദിപ്പിക്കും. ആഗ്രഹിച്ച ആഭരണം വാങ്ങിയാൽ, ഇഷ്ടപ്പെട്ട വസ്ത്രം വാങ്ങിയാൽ, വിശേഷ ദിവസങ്ങളിൽ പാരമ്പര്യ വസ്ത്രം ധരിച്ച് പുറത്തിറങ്ങിയാൽ... ഇത് ഉൽപാദിപ്പിച്ചു കൊണ്ടേയിരിക്കും.

● മൂന്നാമത്തെ ഹോർമോൺ, സെറാടോണിൻ. കരുണയും സ്നേഹവും കാട്ടി മറ്റുള്ളവരെ സഹായിക്കുമ്പോൾ ഈ ഹോർമോൺ ഉൽപാദിപ്പിക്കും. പണം നൽകി സഹായിച്ചാലേ ഇത് ലഭിക്കൂ എന്നില്ല. ഉള്ളവർ പണം കൊണ്ട് സഹായം ചെയ്യാം. അതില്ലാത്തവർ മറ്റ് രീതിയിലും. വിലാസം അന്വേഷിച്ച് അലയുന്ന ഒരു മനുഷ്യന് വഴികാട്ടുന്നതുപോലുംസഹായംതന്നെ.പാർക്കിൽ അവിടെവിടെ കിടക്കുന്ന ചപ്പു ചവറുകൾ എടുത്ത് കുപ്പത്തൊട്ടിയിൽ ഇടുന്നതും സമൂഹത്തിന് ചെയ്യുന്ന സഹായം തന്നെ. തെരുവിൽ ഒരു മരം നടുന്നതും സഹായം തന്നെ. സ്വാർത്ഥത ഇല്ലാതെ സമൂഹത്തിനോ പ്രകൃതിക്കോ ഒരു സദ്പ്രവർത്തി ചെയ്യുമ്പോൾ ഇത് കൂടുതൽ ഉൽപാദിപ്പിക്കും.

● നാലമത്തെ ഹോർമോൺ, ഓക്സിടോസിൻ. മറ്റു മനുഷ്യരോട് അടുപ്പം കാണിക്കുമ്പോൾ ഇത് ഉൽപാദിപ്പിക്കും. ഒരു കുഞ്ഞിനെ എടുക്കുമ്പോൾ, ഏറെക്കാലത്തിനു ശേഷം ഒരു സുഹൃത്തിനെ ആശ്ലേഷിക്കുമ്പോൾ, ഒരു ബന്ധുവിനെ തോളിൽ തട്ടി ആശ്വസിപ്പിക്കുമ്പോൾ ഇത് ഉൽപാദിപ്പിക്കും.

അതിനാൽ ധാരാളം സമ്പത്തുമായി ജീവിക്കാൻ ഇനി പറയുന്ന നാല് കാര്യങ്ങൾ ചെയ്യണം, ദിവസവും വ്യായാമം, ആത്മസംതൃപ്തി നൽകുന്നഅധ്വാനം,കരുതലോടെയുള്ളസേവനം, ആശ്ലേഷിക്കാവുന്ന ബന്ധം. ●

# ആര് ദരിദ്രൻ... ആര് സമ്പന്നൻ?

ലോകത്തെ ഒന്നാം നിര ധനികരിൽ ഒരാളാണ് ഇലോൺ മസ്ക്. നിക്ഷേപവുമായി ബന്ധപ്പെട്ട ഒരു ചടങ്ങിൽ അദ്ദേഹത്തോട് ഒരാൾ, 'ലോകത്തെ വൻ ധനികനായ താങ്കൾ, ഒരു ദരിദ്രനെ താങ്കളുടെ മകൾ വിവാഹം ചെയ്യാൻ ആഗ്രഹിച്ചാൽ സമ്മതിക്കുമോ?' എന്ന് ചോദിച്ചു. ഇലോൺ മസ്ക് അതിന് ചിരിച്ചു കൊണ്ട് മറുപടി നൽകി. 'ആര് ദരിദ്രൻ... ആര് സമ്പന്നൻ' എന്നത് എല്ലാവർക്കും മനസ്സിലാകുന്ന ആ മറുപടി ഇതാണ്...

'കൈവശം ധാരാളം പണം വച്ചിരിക്കുന്നവർ ധനികൻ അല്ല. തന്റെ പരിശ്രമം കൊണ്ട് സമ്പത്ത് സൃഷ്ടിക്കാൻ കഴിയുന്നവരാണ് ധനികർ. മറ്റുള്ളവരുടെ പക്കൽ പണം ഉണ്ടെങ്കിലും, അവരും ദരിദ്രർ തന്നെ. ഉദാഹരണത്തിന്, ഒരാൾക്ക് ഒരു കോടി രൂപ ലോട്ടറി അടിച്ചു. ഒറ്റ രാത്രി കൊണ്ട് അദ്ദേഹത്തിന്റെ പക്കൽ ധാരാളം പണം വന്നു ചേരും. എന്നിരുന്നാലും, അദ്ദേഹം ദരിദ്രനാണ്. കാരണം, സമ്പത്ത് സൃഷ്ടിക്കുന്നത് എങ്ങനെ എന്ന് അദ്ദേഹത്തിന് അറിയില്ല. അതിനാലാണ് ലോട്ടറി കൊണ്ട് കോടീശ്വരന്മാരായ 90% പേരും അഞ്ചു വർഷങ്ങളിൽ തന്നെ ഉണ്ടായിരുന്ന മൊത്തം പണവും കൈവിട്ടു നിൽക്കുന്നത്.

ഇതു തന്നെ ഒരു സമ്പന്നന്റെ കൈവശം ഒരു പൈസ പോലും ഇല്ലാതിരിക്കാം. ഏതെങ്കിലും ഒരു ഘട്ടത്തിൽ ബിസിനസിൽ താളം തെറ്റി, നിക്ഷേപം നഷ്ടപ്പെട്ട്, വലിയ കടത്തിൽ അകപ്പെട്ട് നിന്നിട്ടുണ്ടായിരിക്കും. പക്ഷേ, അവർ പണത്തിന്റെ കാര്യത്തിൽ തങ്ങൾക്കുള്ള ബുദ്ധിസാമർത്ഥ്യം ഉപയോഗിച്ച് ഉയിർത്തെഴുന്നേറ്റ് സമ്പത്ത് ചേർത്തിട്ടുമുണ്ടായിരിക്കും. ആ ബുദ്ധിസാമർത്ഥ്യമാണ് അവരുടെ സമ്പത്ത്.

വിദ്യാഭ്യാസം പൂർത്തിയാക്കി, ഏതെങ്കിലും ഒരു മേഖലയിൽ തെരഞ്ഞെടുക്കപ്പെട്ട്, തുടർച്ചയായി പരിശീലനം നേടി തന്നെ മൂർച്ചപ്പെടുത്തിക്കൊണ്ടേയിരിക്കുന്ന ഒരാൾ ധനികനാകും. 'എനിക്കുള്ള എല്ലാ പ്രശ്നങ്ങൾക്കും സർക്കാരാണ് കാരണം' എന്ന് പരാതിപ്പെട്ടു കൊണ്ട് മൂലയ്ക്കിരിക്കുന്നവർ ദരിദ്രനായി തുടരും.

ഒരു ബാങ്കിൽ സെക്യൂരിറ്റിയായി ജോലി നോക്കുകയാണ് ഒരാൾ. ഒരു ദിവസം ബാങ്കിൽ എ ടി എം മെഷീനിൽ പണം നിറയ്ക്കാൻ എത്തിയപ്പോൾ വാതിലിൽ ഉദ്യോഗസ്ഥർ അബദ്ധത്തിൽ വിട്ടുപോയ പണം അദ്ദേഹത്തിന്റെ കണ്ണിൽ പെടുന്നു. അത് ഭദ്രമായി എടുത്ത് മാനേജരെ ഏൽപിക്കുന്നു. 'ജീവിക്കാനറിയാത്ത മനുഷ്യൻ' എന്ന് മറ്റുള്ളവർ പറയും. പക്ഷേ, 'ഇത് നമ്മുടെ പണമല്ല, നാം എടുക്കാൻ പാടില്ല' എന്ന ചിന്തയാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. പണം ചേർത്തു വച്ചിട്ടില്ലെങ്കിലും അദ്ദേഹം വലിയ സമ്പന്നനാണ്. ഭാവിയിൽ ബാങ്ക് തന്നെ അദ്ദേഹത്തിന് മറ്റൊരു നല്ല ജോലി നൽകിയേക്കാം. ആ ജോലിയിൽ തന്റെ മികവ് കാണിച്ച് അദ്ദേഹം ഉയർച്ച നേടിയേക്കാം.

സമ്പത്ത് എന്നത് മാനസികാവസ്ഥയാണ്. അത് ഉള്ളവർക്ക് പണം താനേ വന്നു ചേരും. ●



# കുട്ടികൾക്ക് നിറസമ്പത്ത് നൽകണം




സാറയ്ക്ക് അമേരിക്കയിൽ നിന്നെത്തിയ അമ്മാവൻ ഒരു വലിയ ക്രയോൺ ബോക്സ് സമ്മാനമായി നൽകി. അതിൽ 36 കളർ പെൻസിലുകൾ ഉണ്ട്. ചിത്രങ്ങൾക്ക് ആ ക്രയോണുകൾ കൊണ്ട് നിറം നൽകിയാൽ, മെഴുക് പൂശിയതു പോലെ തിളങ്ങും. അവളുടെ ക്ലാസിൽ ആരുടെ പക്കലും അത്തരം നിറങ്ങൾ നൽകുന്ന ക്രയോണുകൾ ഉണ്ടായിരുന്നില്ല.

ഒരു ദിവസം അധ്യാപകൻ എത്തി, 'നിനക്ക് ഇഷ്ടപ്പെട്ട സ്ഥലം വരച്ച് കാണിക്കൂ' എന്ന് പറഞ്ഞു. സാറ ഉടനേ ഒരു കടൽത്തീരം വരയ്ക്കാൻ ആരംഭിച്ചു. കഴിഞ്ഞ വർഷത്തെ വേനലവധിയിൽ അവൾ പോയിരുന്നതിനാൽ, തന്റെ ഓർമ്മയിൽ നിന്ന് ഭംഗിയായി വരച്ചു. പക്കൽ ഉണ്ടായിരുന്ന എല്ലാ നിറങ്ങളും അതിൽ ഉപയോഗിച്ചു.

അടുത്തിരുന്ന മീന, ഭംഗിയുള്ള പൂച്ചെടികളാണ് വരച്ചത്. പൂക്കൾ പൂക്കണമെങ്കിൽ ആകാശത്ത് സൂര്യൻ വേണം. പക്ഷേ, സൂര്യനെ വരയ്ക്കാൻ അവളുടെ പക്കൽ മഞ്ഞ നിറ പെൻസിൽ ഇല്ല. അങ്ങനെ വിഷമിച്ച് ഇരുന്നു. സാറ അത് കണ്ട് തന്റെ സ്വർണ നിറ പെൻസിൽ നൽകി. 'നിന്റെ ഡ്രോയിംഗ് സൂപ്പറായിട്ടുണ്ട്. ഈ കളറിൽ ഒരു സൂര്യനെ വരച്ചാൽ ഭംഗി കൂടും.' എന്ന് പറഞ്ഞ് നൽകി. മീന സന്തോഷത്തോടെ വരച്ച് പൂർത്തിയാക്കി.

എല്ലാ ചിത്രങ്ങളും നോക്കിയ അധ്യാപകൻ, ഒടുവിൽ മീനയുടെ ചിത്രത്തിന് ഒന്നാം സമ്മാനം അറിയിച്ചു. സാറ അതിൽ അൽപം പോലും അസൂയപ്പെടാതെ കൈയടിച്ച് സന്തോഷം അറിയിച്ചു. മീന ഉടനേ എഴുന്നേറ്റ്, 'ഈ സമ്മാനം ഞാൻ സാറയുമായി പങ്കുവയ്ക്കുന്നു, ടീച്ചർ. അവൾ പെൻസിൽ നൽകിയില്ലായിരുന്നുവെങ്കിൽ, എനിക്ക് സമ്മാനം നേടാൻ കഴിയില്ലായിരുന്നു' എന്ന് പറഞ്ഞു. രണ്ടു കുട്ടികളുടെയും നല്ല ഗുണങ്ങൾ കണ്ട് അധ്യാപകൻ അഭിമാനിച്ചു.

കുട്ടികളെ പണം സമ്പാദിക്കാൻ പഠിപ്പിക്കുന്നതു പോലെ തന്നെ, നല്ല ഗുണങ്ങൾ നിറസമ്പത്തായി സ്വായത്തമാക്കാൻ ചെറു പ്രായത്തിൽ തന്നെ പറഞ്ഞു കൊടുക്കണം. സ്നേഹം, വാത്സല്യം, കരുതൽ, സൗഹൃദം, ബഹുമാനം എന്നിങ്ങനെയുള്ളവ എല്ലാം പ്രതിഫലം നോക്കാതെ എല്ലാവരുമായും പങ്കുവയ്ക്കാനുള്ള നല്ല ഗുണം അവർക്ക് വേണം.

പണം സമ്പാദിക്കാനും മുതൽക്കൂട്ടാനും വയസ്സ് ആവശ്യമാണ്. അങ്ങനെ സമ്പാദിക്കുന്ന പണം ഭദ്രമായി ഇരിക്കും എന്ന് പറയാൻ കഴിയില്ല. പക്ഷേ, നല്ല ഗുണങ്ങൾ ചെറുപ്രായത്തിലേ സമ്പാദിക്കാൻ ആരംഭിക്കണം. അവ ഒരിക്കലും ഇല്ലാതാകുകയോ അപ്രത്യക്ഷമാകുകയോ ചെയ്യില്ല.

രക്ഷിതാക്കൾക്ക് എങ്ങനെ ഈ സമൃദ്ധമായ സമ്പത്ത് കുട്ടികൾക്ക് നൽകാൻ കഴിയും:

- സ്നേഹവും സഹാനുഭൂതിയും വാത്സല്യവും ബന്ധുക്കളോടും സുഹൃത്തുക്കളോടും

കാണിക്കുന്ന രക്ഷിതാക്കൾ, അതേ സ്നേഹ സമ്പന്നമായ ഗുണങ്ങൾ തങ്ങളുടെ കുട്ടികൾക്ക് സമൃദ്ധമായ സമ്പത്തായി നൽകുകയാണ്. സഹ മനുഷ്യരോട് മാത്രമല്ലാതെ, സഹജീവികകളെയും സ്നേഹത്തോടെ പരിപാലിക്കാൻ പഠിപ്പിക്കണം. പക്ഷികൾക്ക് വെള്ളം വയ്ക്കുന്നത്, കാക്കയ്ക്ക് ഭക്ഷണം നൽകുന്നത്, ചിത്രശലഭത്തെ ആസ്വദിക്കുന്നത് എന്നിങ്ങനെ പ്രകൃതിയുമായി ഇടപഴകാൻ അനുവദിക്കണം.

● നമുക്ക് ഇഷ്ടപ്പെടാത്ത വിഷയങ്ങൾ ചില ബന്ധുക്കൾ സംസാരിക്കും. ഈർഷ്യ ഉണ്ടാക്കുന്നതു പോലെ ചില സുഹൃത്തുക്കൾ പെരുമാറും. ചില ബന്ധുക്കളുമായി അഭിപ്രായ വ്യത്യാസം ഉണ്ടാകും. ഇവയെല്ലാം മറികടന്ന് എല്ലാവരേയും ചേർത്തുപിടിക്കുന്ന ഗുണം രക്ഷിതാക്കൾക്ക് ഉണ്ടെങ്കിൽ, അത് കുട്ടികളുടെ മനസ്സിലും ആഴത്തിൽ പതിയും. ബന്ധുക്കൾക്കിടയിൽ ഉണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങൾ ഊതിപ്പെരുക്കി മുതിർന്നവർ ശണ്ഠയ്ക്ക് മുതിർന്നാൽ, നമ്മെ തോൽപിക്കും വിധം



കുട്ടികൾ മോശമാകും.

● കുട്ടികൾ പൊതുവിൽ എല്ലാം 'എനിക്ക്' എന്ന സ്വാഭാവികത ഉള്ളവരാണ്. കളിപ്പാട്ടങ്ങൾ മറ്റാരുമായും പങ്കുവയ്ക്കില്ല. മറ്റുള്ളവർക്ക് ഒട്ടും മടിക്കാതെ എന്തും കൊടുക്കുന്ന പ്രവർത്തികൾ രക്ഷിതാക്കൾ ചെയ്യുന്നത് കണ്ടാൽ, കുട്ടികൾ അതുപോലെ മാറും. വീട്ടിൽ ബന്ധുവായ ഒരു കുട്ടി വന്നാലും, മടിക്കാതെ എല്ലാം പങ്കുവച്ച് കളിക്കും അവർ. എന്തും ആരുമായും പങ്കുവയ്ക്കുന്ന സമ്പന്ന മനസ്സുള്ളവരായി അവർ മാറും.

● മുതിർന്നവരെ ബഹുമാനിക്കേണ്ട ഗുണം ചെറുപ്രായത്തിലേ വളർത്തിയാലേ ഉണ്ടാകൂ. അതേ പോലെ, രക്ഷിതാക്കൾ തെറ്റായ വാക്കുകൾ ഉപയോഗപ്പെടുത്താതെ അന്തസ്സോടെ സംസാരിച്ചാലേ കുട്ടികളും അത് പിന്തുടരൂ. ദേഷ്യത്തിൽ മോശം വാക്കു കൾ സംസാരിക്കുന്ന മുതിർന്നവർ, കുട്ടികൾക്ക് മോശം മാതൃകകളാകുകയാണ്.

● വ്യക്തി ശുചിത്വം പാലിക്കൽ, തങ്ങളുടെ വസ്തുക്കൾ യഥാസ്ഥാനത്ത് സൂക്ഷിക്കൽ, പഠനം, ഭക്ഷണ സമയം, കായിക വിനോദം, സമയം പാലിക്കൽ എന്നിവയും അവരെ ശീലിപ്പിച്ച് ആത്മനിയന്ത്രണം കൊണ്ടുവരണം.

● മറ്റുള്ളവർ സംസാരിക്കുമ്പോൾ ഇടയ്ക്കു കയറി സംസാരിക്കാതിരിക്കൽ, വീട്ടിൽ ആരെങ്കിലും ഫോണിൽ സംസാരിക്കുമ്പോൾ ഉച്ചത്തിൽ ടിവി വച്ച് പാട്ട് കേൾക്കുന്നത് ഒഴിവാക്കൽ, പരീക്ഷാ സമയത്ത് ശ്രദ്ധ വ്യതിചലിപ്പിക്കുന്ന പ്രവർത്തികളിൽ ഏർപ്പെടാതിരിക്കൽ എന്നിങ്ങനെ സാമൂഹിക മര്യാദകൾ അവരെ പഠിപ്പിക്കണം. ഈ മനസ്സിലാക്കലും വിട്ടുകൊടുക്കലുംമികച്ചസമ്പാദ്യമാണെന്ന് രക്ഷിതാക്കൾ ഉപദേശിച്ചാൽ അവർക്ക് അത് ജീവിതശീലമായി മാറും.

● വളരുന്തോറും കുട്ടികളിൽ കരുതലും ക്ഷമയും വളരണം. ആ വയസ്സിന് അനുയോജ്യമായി ദേഷ്യം കുറയ്ക്കൽ, തന്റെ ഭാഗത്ത് തെറ്റ് ഉണ്ടെങ്കിൽ സമ്മതിക്കൽ, തെറ്റ് ക്ഷമിക്കൽ, ആവശ്യമായ സ്ഥലങ്ങളിൽ മാത്രം ക്ഷമ ചോദിക്കൽ എന്നിങ്ങനെയുള്ളവ എല്ലാം എത്ര കണ്ട് ശീലിപ്പിക്കുന്നുവോ, അത്ര കണ്ട് അവർ ഗുണത്തിൽ സമ്പന്നരായി മാറും.

എത്ര ചെലവഴിച്ചാലും പെരുകിക്കൊണ്ടേയിരിക്കുന്നതാണ് ഇത്തരത്തിലുള്ള സമ്പന്നമായ സമ്പത്ത്. ഈ സമ്പാദ്യം കുട്ടികൾക്ക് നൽകാൻ രക്ഷിതാക്കൾ അല്ലാതെ മികച്ചവർ മറ്റാരുമില്ല. ഇത് പെരുപ്പിക്കാൻ കുടുംബം എന്ന ബാങ്ക് അല്ലാതെ മറ്റൊരു ബാങ്കും ഇല്ല. ●

ഒരാളുടെ പക്കൽ ഉണ്ടായിരിക്കേണ്ട യഥാർത്ഥ സമ്പത്തുകൾഏതൊക്കെയാണ്?ഇതേക്കുറിച്ചുള്ള വാഗ്വാദം രണ്ട് സുഹൃത്തുക്കൾക്കിടയിൽ ഉണ്ടായി. ഇരുവരും ഒരുമിച്ച് കോളെജിൽ പഠിച്ചവർ. റാം തന്റെ അച്ഛന്റെ ബിസിനസ് തുടർന്ന് ചെയ്ത്, അതിൽ നല്ല വളർച്ച നേടി. ഗണേഷ് പകുതി സമയം ധാരാളം ജോലികൾ ചെയ്തു കൊണ്ടു തന്നെ എഴുത്തുകാരനായി പ്രശസ്തി നേടി.

ഇരുവരും തങ്ങളുടെ മറ്റൊരു സുഹൃത്തായ സിദ്ധാർത്ഥ് ഒരുക്കിയ വിരുന്നിൽ പങ്കെടുക്കുകയായിരുന്നു. സിദ്ധാർത്ഥും നല്ല നിലയിലാണ്. വിരുന്ന് കഴിക്കുമ്പോൾ ഗണേഷിനെ റാം കളിയാക്കി. 'ഗണേഷ്, ഈ വിരുന്നിന് സിദ്ധാർത്ഥ് മുടക്കിയ ചെലവിന്റെ അത്ര പോലും നീ നിന്റെ പുസ്തകങ്ങളിൽ നിന്ന് സമ്പാദിച്ചിരിക്കാൻ വഴിയില്ലല്ലോ?' എന്ന് ചോദിച്ചു.

'അതെ, പക്ഷേ നിനക്കോ സിദ്ധാർത്ഥിനോ ജീവിതകാലം മുഴുവനും സമ്പാദിക്കാൻ കഴിയാത്ത ഒരു സ്വത്ത് എന്റെ പക്കൽ ഉണ്ട്' എന്ന് പറഞ്ഞു ഗണേഷ്. 'ഈ ലോകത്ത് അങ്ങനെ ഒരു സ്വത്ത് ഉണ്ടോ, അത് എന്താണ്?' എന്ന് റാം ചോദിച്ചതും ഗണേഷ് മറുപടി പറഞ്ഞു. 'എന്റെ പക്കൽ ഉള്ളത് എനിക്ക് പര്യാപ്തമായത് എന്ന് ഏത് സന്ദർഭത്തിലും ലഭിക്കുന്ന മനസംതൃപ്തി.'

അത് റാമിന് പുതിയ ഒരു കാഴ്ചപ്പാട് നൽകി. 'നമ്മുടെ പക്കൽ ഉള്ളത് പര്യാപ്തമല്ലല്ലോ' എന്ന ഉൽക്കണ്ഠയും അരക്ഷിതബോധവും ഒരിക്കലും തന്നെ സന്തോഷത്തോടെ ജീവിക്കാൻ അനുവദിച്ചിട്ടില്ല എന്നത് അദ്ദേഹത്തിന് ബോധ്യമായി. പണത്തിനെക്കുറിച്ചുള്ള ദുഃഖം നമ്മെ അലട്ടിയാൽ, നമുക്ക് ഉയരത്തിലെത്താനേ കഴിയില്ല. പണത്തിന്റെ കാര്യത്തിൽ പോസിറ്റീവ് വികാരത്തോടെ ജീവിക്കാൻ ചില മാർഗങ്ങൾ:

- കഴിഞ്ഞ കാലത്തിൽ ചെയ്ത തെറ്റുകൾ ഓർത്ത് ദുഃഖിക്കരുത്. ഒരഹങ്കാരത്തിന് ആവശ്യമേ ഇല്ലാത്ത ഒരു വസ്തു വാങ്ങിയിട്ടുണ്ടായിരിക്കാം.

# നമ്മുടെ പക്കൽ ഉണ്ടായിരിക്കേണ്ട നിറസമ്പത്ത്



യഥാർത്ഥ വിലയേക്കാൾ കൂടുതൽ നൽകി ഒരു വീട് വാങ്ങിയിട്ടുണ്ടായിരിക്കാം. ഒരു തുക കൃത്യ സമയത്ത് അടയ്ക്കാൻ മറന്ന് പിഴ ചെലുത്തിയിട്ടുണ്ടായിരിക്കാം. ഇത്തരത്തിലുള്ള തെറ്റുകൾപലരുംചെയ്യുന്നതുതന്നെ.എന്തെന്നാൽ, സാമ്പത്തിക മാനേജ്മെന്റ് എന്നത് ബുദ്ധിമുട്ടേറിയ ഒരു പാഠമാണ്. എല്ലാവരും കൃത്യമായി അത് പഠിച്ചു കൊണ്ട് വളരുന്നവരല്ല. അതിനാൽ, തെറ്റുകൾ മറക്കണം. ആ തെറ്റ് ആവർത്തിക്കാതിരിക്കണം.

● വായ്പകൾ മറക്കരുത്. ഒരാൾ 50 ലക്ഷം രൂപ വായ്പ വാങ്ങി വീട് വാങ്ങിയിരിക്കും. പക്ഷേ, ആ വീട്ടിൽ താമസമാക്കിയതും, സ്വന്തം വീട്ടിൽ താമസിക്കുന്നതായി അഭിമാനം തോന്നും. ആ വായ്പ മുഴുവനായും അടച്ചാലേ അത് സ്വന്തം വീടാകൂ എന്ന ഓർമ്മ ഉണ്ടായിരിക്കണം. ആ ചിന്ത വായ്പ അടയ്ക്കാൻ സഹായിക്കും.

● പണത്തിനെക്കുറിച്ചുള്ള നിങ്ങളുടെ ചിന്തകൾ മനസ്സിലാക്കണം. എത്തരത്തിലുള്ള ചെലവുകളാണ് നിങ്ങൾ ചെയ്യുന്നത് എന്നത് ശ്രദ്ധിക്കണം. സുഹൃത്തുക്കളോടൊപ്പം ഹോട്ടലിൽ ഭക്ഷണംകഴിച്ച് അതിന് അയ്യായിരം രൂപമടിക്കാതെ ചെലവഴിക്കുന്ന ഒരാൾ, തന്റെ മേഖലയുമായി ബന്ധപ്പെട്ട ഒരു കോഴ്സിൽ ചേരാൻ രണ്ടായിരം രൂപ ചെലവാക്കാൻ മടിച്ചാൽ ആ വ്യക്തിയുടെ പണത്തെക്കുറിച്ചുള്ള ചിന്ത തെറ്റ് എന്നർത്ഥം. ഉപകാരപ്രദമായ ചെലവുകൾ മടിക്കാതെ ചെയ്യണം, മറ്റ് ചെലവുകൾ നിയന്ത്രിക്കണം.

● 'അദ്ദേഹം ഈ മോഡൽ കാർ വാങ്ങി', 'ഇദ്ദേഹം ജോലിയായി വിദേശത്ത് ടൂർ പോയിരിക്കുന്നു' എന്നിങ്ങനെ മറ്റുള്ളവരുമായി താരതമ്യം ചെയ്യാൻ ആരംഭിച്ചാൽ നിങ്ങളുടെ സമാധാനം നഷ്ടപ്പെടും. ഓരോരുത്തരുടെയും സാമ്പത്തിക ചുറ്റുപാട് വ്യത്യസ്തമാണ്. പണവുമായി ബന്ധപ്പെട്ട തങ്ങളുടെ ചുറ്റുപാടിൽ നിന്ന് മറ്റുള്ളവർ എടുക്കുന്ന തീരുമാനങ്ങൾ ശരിയായിരിക്കാം, തെറ്റുകയും ചെയ്യാം. അവരെ കണ്ട് ഉഷ്ണിക്കരുത്. നിങ്ങളുടെ സാമ്പത്തികാവസ്ഥ വച്ചായിരിക്കണം തീരുമാനങ്ങൾ എടുക്കേണ്ടത്.

● 'കാറിന് ഇത്ര ചെലവായി', 'വീട് അറ്റകുറ്റപ്പണിക്ക് കൂടുതൽ ചെലവായി', 'ഈ മാസത്തെ ബജറ്റ് കൂടിപ്പോയി' എന്നിങ്ങനെ നെഗറ്റീവ് ആയ കാര്യങ്ങൾ മാത്രം ചിന്തിച്ച് ആശങ്കയിലാകരുത്. അവശ്യം ചെയ്യേണ്ട ഒരു ചെലവ് ഉണ്ടോ? ആ സമയത്ത് അത് ഒരു പ്രശ്നമായി കാണരുത്. നിങ്ങൾക്ക് വേണ്ടത് പരിഹാരം മാത്രമാണ്. പണം എങ്ങനെ സമാഹരിക്കാം എന്നത് മാത്രം ചിന്തിക്കണം.

● ബജറ്റ് തയാറാക്കുക എന്നാൽ പലർക്കും ടെൻഷൻ ആകും. വീട്ടു ബജറ്റ് കുടുംബത്തിലെ എല്ലാവരും ചേർന്ന് തയാറാക്കണം. ഏതൊക്കെ ചെലവുകൾ കുറയ്ക്കാം, ഏത് ന്യായമായ ചെലവ് എന്ന് എല്ലാവരും ചേർന്ന് സംസാരിച്ച് തീരുമാനിക്കണം. അപ്പോൾ സന്തോഷകരമായ ഒരു ബജറ്റ് തയാറാക്കാൻ കഴിയും. അതിൽ സമ്പാദ്യത്തിനും കൃത്യമായ ഇടം ഉണ്ടായിരിക്കും.

● പണവുമായി ബന്ധപ്പെട്ട കാര്യത്തിൽ നമ്മുടെ മുമ്പിൽ ധാരാളം അവസരങ്ങൾ ഉണ്ടായിരിക്കും. ഒരു മാസം കൂടുതൽ വരുമാനം വരുന്നുണ്ടോ? അത് ആഡംബരമായും ചെലവഴിക്കാം, ബാങ്ക് അക്കൗണ്ടിലും നിലനിർത്താം. ഏതാണ് നമ്മൾ തെരഞ്ഞെടുക്കുന്നത് എന്നത് പ്രധാനം. എപ്പോഴും ശരിയായ തെരഞ്ഞെടുപ്പുകൾ നടത്താനുള്ള മാനസിക നില കൈവരിക്കണം.

● സംതൃപ്തി എന്നത് 'ഉള്ളത് മതി' എന്ന് ചിന്തിച്ച് സമ്പാദിക്കുന്നത് അവസാനിപ്പിക്കുന്നത് അല്ല. ആ മാനസികാവസ്ഥ നിങ്ങളുടെ മുന്നേറ്റം തടയും. 'ഈ നിമിഷത്തിൽ നമുക്കുള്ളത് സംതൃപ്തി നൽകുന്ന സമ്പത്ത്' എന്ന ചിന്തയോടെ, അടുത്ത ലക്ഷ്യത്തിലേക്ക് സഞ്ചരിക്കണം.

● നിങ്ങൾ ആഗ്രഹിച്ച അളവിൽ നിങ്ങളുടെ പക്കൽ പണം പെരുകാതെ പോകാം. പക്ഷേ, ഈ നിമിഷത്തിൽ നിങ്ങളുടെ പക്കൽ ഉള്ളതിലെല്ലാം നന്ദിയോടെ ഇരിക്കണം. നിങ്ങളുടെ അധ്വാനം കൊണ്ടാണ് ഈ ഉന്നതമായ ജീവിതം ലഭിച്ചിരിക്കുന്നത്. ഇത് നേടാൻ പലർ സഹായിച്ചിട്ടുണ്ട്. അവർക്കും നിങ്ങളുടെ പക്കൽ ഉള്ള പണത്തിനും നന്ദി പറയണം. ●






# നിറസമ്പത്ത് നിരന്തരമാകാൻ...

ആരോഗ്യകരമായ ഭക്ഷണം കഴിച്ച്,ശരിയായ ജീവിതശൈലി പിന്തുടർന്ന്, ശാരീരികാരോഗ്യം മികവോടെ കാത്തു സൂക്ഷിക്കുന്നവർ നിരവധിയുണ്ട്. മിതവ്യയം, സമ്പാദ്യം, നിക്ഷേപം, ഇൻഷുറൻസ് എന്നിങ്ങനെ സാമ്പത്തിക ക്ഷേമവുമായി ബന്ധപ്പെട്ട് ഓരോരുത്തരും എന്തൊക്കെ ചെയ്യേണ്ടതുണ്ട് എന്നതിന് ചില ഉപദേശങ്ങൾ...

- നിങ്ങളുടെ പണ വിനിയോഗത്തെക്കുറിച്ച് ചിന്തിക്കാൻ അൽപ നേരം ചെലവഴിക്കണം. വരവ് എത്ര, ചെലവ് എത്ര എന്ന് ശ്രദ്ധിക്കണം. കടങ്ങൾ ഇല്ലാതെ കുടുംബം മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കണം.
- നിങ്ങൾ സമ്പാദിക്കുന്നതിനേക്കാൾ കൂടുതലായി ചെലവഴിക്കരുത്. ഓരോ മാസവും കടം വാങ്ങിയാണ് ചെലവഴിക്കുന്നതെങ്കിൽ, നിങ്ങൾ തെറ്റ് ചെയ്യുകയാണെന്ന് അർത്ഥം.
- ബജറ്റ് ഇട്ട് ജീവിക്കണം. നിങ്ങളുടെ വരുമാനവും ചെലവും എഴുതി നോക്കണം. ഏത്, എന്തിന്, എത്ര ചെലവാകുന്നു എന്നത് മനസ്സിലാകും. അത്യാവശ്യ ചെലവുകൾ കുറയ്ക്കരുത്. വിലനിലവാരത്തിന് അനുസൃതമായി ഓരോ മാസവും ഇത് അൽപം കൂടുകയോ കുറയുകയോ ചെയ്യാം.
- നിങ്ങളുടെ പക്കൽ പണം കുറവാണെങ്കിൽ, ദുരഭിമാനത്തിനും ആഡംബരത്തിനും ചെലവഴിക്കരുത്.
- ആവശ്യമായ ചെലവുകൾക്ക് വേണ്ടത്ര പണം ഇല്ലാതെ ബുദ്ധിമുട്ടുമ്പോൾ, ആ ചെലവുകൾ കുറയ്ക്കാൻ ശ്രമിക്കരുത്. നിങ്ങളുടെ വരുമാനം എങ്ങനെ വർധിപ്പിക്കാം എന്ന് ചിന്തിക്കണം.
- ഏതൊരു വലിയ ചെലവും ചെയ്യുന്നതിനു മുമ്പ്, 'ഈ പണം ചെലവഴിക്കണോ അതോ സമ്പാദിക്കണോ?' എന്ന് മനസ്സിൽ ചോദിച്ച് വ്യക്തമായ ഉത്തരം തേടണം.
- ലക്ഷ്യം വച്ച് പണം ചെലവഴിക്കണം. 'വീട് വാങ്ങാൻ ഇനിയും 10 വർഷം സമ്പാദിക്കണം' എന്ന് നിർണയിക്കുമ്പോഴാണ്, 'എത്ര സമ്പാദിക്കണം', 'എവിടെ വീട് വാങ്ങണം' എന്നൊക്കെ തീരുമാനിക്കാൻ കഴിയുന്നത്.
- ജോലിക്കു ചേർന്ന ആദ്യ മാസം മുതൽ തന്നെ സമ്പാദിക്കാൻ തുടങ്ങണം. സ്വയം തൊഴിൽ ചെയ്യുന്നവർ 30 വയസ്സിനുള്ളിൽ ഇത് ആരംഭിക്കണം. വൈകിയാൽ, നിങ്ങളുടെ വിശ്രമകാലം മധുരതരമാകില്ല.
- എത്ര സമ്പാദിക്കാം എന്നത് ഓരോരുത്തരുടെയും ചുറ്റുപാടിന് അനുസൃതമാണ്. 22 വയസ്സിൽ ഒരാൾക്ക് നല്ല ജോലി ലഭിക്കുകയും കടം ഇല്ലാതിരിക്കുകയുമാണെങ്കിൽ വരുമാനത്തിന്റെ 50 ശതമാനം വരെ സമ്പാദിക്കാം. കുടുംബ ഉത്തരവാദിത്തങ്ങൾ നിറവേറ്റിയ ശേഷം ഇത് വീണ്ടും വർധിപ്പിക്കാം.
- ഒരു വാഹനം വാങ്ങിയാലോ ഒരു വിനോദ സഞ്ചാരത്തിനു പോയാലോ പലരും ആഹ്ലാദ ചിത്തരാകും. ഒരു ലക്ഷം രൂപ നിക്ഷേപിച്ചാൽ, അതിനേക്കാൾ വലിയ സന്തോഷം അടയണം. ഈ മാനസികാവസ്ഥ നിങ്ങളെ നിറസമ്പത്ത് സ്വന്തമായവരാക്കി മാറ്റും.
- നിക്ഷേപ കാര്യത്തിൽ തിടുക്കം കാട്ടരുത്. നിക്ഷേപം വളരാൻ അൽപ കാലം എടുത്തേക്കാം. അതു വരെ സാവകാശം നൽകണം. ●

# ഏതൊക്കെയാണ് യഥാർത്ഥ സമ്പത്തുക്കൾ

പെട്ടി നിറയെ പണം, അലമാര നിറയെ ആഭരണം, വീട്, വസ്തുക്കൾ എന്നിങ്ങനെ മതിപ്പുള്ള വസ്തുക്കളാണ് സമ്പത്തുക്കൾ എന്ന് കരുതുന്നവർ ധാരാളമുണ്ട്. ഇവയ്ക്കെല്ലാം അപ്പുറം ഓരോരുത്തരുടെ പക്കലും ഉണ്ടാകേണ്ട യഥാർത്ഥ സമ്പത്തുകൾ ഇവയാണ്:

● പോസിറ്റീവ് ആയ മാനസികാവസ്ഥയാണ് എല്ലാ സമ്പത്തുകളുടെയും അടിസ്ഥാനം. അത് ഒരാൾക്ക് ഉണ്ടായിരുന്നാൽ, മറ്റ് സമ്പത്തുക്കൾ താനേ വന്നു ചേരും. പ്രശ്നങ്ങൾ, തെറ്റുകൾ, പ്രതികാരങ്ങൾ, ആശയക്കുഴപ്പങ്ങൾ, അസൂയ, അപര്യാപ്തത എന്നിങ്ങനെ പ്രതികൂല വികാരങ്ങൾ വലിച്ചെറിഞ്ഞ് സമൃദ്ധി, വളർച്ച, സ്നേഹം, താൽപര്യം, സന്തോഷം എന്നിങ്ങനെയുള്ള അനുകൂല വികാരങ്ങൾ കൊണ്ട് മനസ്സ് നിറയ്ക്കണം.

● 'രോഗമില്ലാത്ത ജീവിതമാണ് മഹത്തായ സമ്പത്ത്' എന്ന് പറയാറുണ്ട്. ആരോഗ്യകരമായ ശരീരമാണ് നിറവാർന്ന ജീവിതത്തിന്റെ അടിസ്ഥാനം. ശാരീരികസുഖവും മാനസികാരോഗ്യവും നന്നായിരുന്നാൽ അധ്വാനിക്കാൻ മടിക്കില്ല. അതിന് അനുസൃതമായി ഭക്ഷണത്തിലും വ്യായാമത്തിലും ശ്രദ്ധിക്കണം.



● മധുരതരമായ കുടുംബവും സ്നേഹനിധികളായ ബന്ധുക്കളും പ്രിയങ്കരരായ സുഹൃത്തുക്കളും മികച്ച സമ്പത്തുക്കളാണ്. പിന്തുണയ്ക്കാനും സഹായിക്കാനും കൈപിടിച്ച് ഉയർത്താനും സ്നേഹനിധികളായ മനുഷ്യർ ഉള്ളപ്പോൾ നിറവാർന്ന സമ്പത്തുക്കൾ സ്വരുക്കൂട്ടാൻ കഴിയും.

● മനുഷ്യരെ മനസ്സിലാക്കാനുള്ള പക്വതയും ഒരു വിലപ്പെട്ട നിധിയാണ്. മറ്റുള്ളവരുടെ പ്രതീക്ഷകൾ, ഇഷ്ടങ്ങൾ, ദേഷ്യങ്ങൾ, നിരാശകൾ എന്നിങ്ങനെ എല്ലാം മനസ്സിലാക്കണം. ഒരാൾ വെളിപ്പെടുത്തുന്ന വികാരങ്ങളും ആ മനുഷ്യനും നമുക്കും ഉള്ള ബന്ധത്തിന്റെ അടുപ്പവും വച്ച് മനസ്സിലാക്കണം.

● ഭയമില്ലാത്ത ജീവിതം എന്നതും മതിപ്പുറ്റ സമ്പത്ത് ആണ്. 'ഈ പരിശ്രമത്തിൽ നാം പരാജയപ്പെടുമോ', 'ഇതേക്കുറിച്ച് മറ്റുള്ളവർ എന്ത് ചിന്തിക്കും', 'ഇദ്ദേഹത്തോട് സഹായം ചോദിച്ചാൽ ലഭിച്ചില്ലെങ്കിലോ' എന്നൊക്കെയുള്ള ഭയമില്ലാതെ സ്വതന്ത്രമായി ജീവിക്കണം.

● നിങ്ങളുടെ സ്വപ്നങ്ങൾ എന്തു തന്നെ ആയിരുന്നാലും അത് നേടാൻ പൂർണമായി പരിശ്രമിക്കാനുള്ള ത്വര ഉണ്ടായിരിക്കണം, അവസരങ്ങളും വന്നു ചേരണം, പ്രതീക്ഷിക്കുന്ന സഹായങ്ങളും ലഭിക്കണം. ഇവയെല്ലാം ശരിയായാൽ, നിങ്ങൾ നിറസമ്പത്തുക്കളോടെ ജീവിക്കുന്നു എന്ന് അർത്ഥം.

● ഏറ്റവും ഇഷ്ടത്തോടെ ചെയ്യാൻ കഴിയുന്ന ഒരു ജോലിയോ തൊഴിലോ ഒരാൾക്ക് ലഭിച്ചാൽ, അതിനേക്കാൾ മികച്ച സമ്പത്ത് മറ്റൊന്നുമില്ല.

● ജോലി, തൊഴിൽ, ബിസിനസ് എന്നിങ്ങനെ എന്തു തന്നെ ആയിരുന്നാലും അത് ഭംഗിയായും പൂർണതയോടെയും ചെയ്യാൻ കഴിഞ്ഞാൽ, നിറവുള്ള ജീവിതം ജീവിക്കുന്ന ഭാഗ്യശാലി എന്നർത്ഥം.

● 'ഇയാൾ മോശക്കാരൻ', 'ഈ ജോലി ചെയ്യാനേ കഴിയില്ല', 'ഈ കാര്യം വിചാരിക്കുന്നതു പോലെ നടക്കില്ല' എന്നിങ്ങനെയുള്ള മുൻവിധിയില്ലാതെ, എന്തിനെയും തുറന്ന മനസ്സോടെ സമീപിക്കണം. അത്തരത്തിൽ മനസ്സുള്ളവരാണ് നിറസമ്പത്ത് നേടിയ സമ്പന്നർ. ●



# സമ്പാദ്യം... നിക്ഷേപം... ഏതാണ് നല്ലത്?

ധാരാളം പേർക്ക് പണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അടിസ്ഥാന ചോദ്യം ഇതാണ്... 'ഞാൻ പണം സമ്പാദിക്കണോ അതോ നിക്ഷേപിക്കണോ? സമ്പാദ്യവും നിക്ഷേപവും ഒന്നു തന്നെ അല്ലേ... അതോ രണ്ടും വ്യത്യസ്തമാണോ...? 'സമ്പാദ്യം' എന്നതും 'നിക്ഷേപം' എന്നതും കേൾക്കാൻ ഒന്നു പോലെ ഉണ്ടെങ്കിലും അവ വ്യത്യസ്തമാണ്. ഇവ രണ്ടും ഓരോരുത്തരും ചെയ്യേണ്ടതുണ്ട്.

ഭാവിയിൽ വരാനിരിക്കുന്ന ഒരു ചെലവിനായി മാസാമാസം അൽപാൽപം പണംമാറ്റിവയ്ക്കുന്നത്സമ്പാദ്യം.വിനോദ സഞ്ചാരത്തിന് പോകാനും ആഭരണം വാങ്ങാനും കുട്ടികളുടെ പഠനത്തിനും വിവാഹത്തിനും പോലെയുള്ള പല കാരണങ്ങൾക്കായി ഇത്തരത്തിൽ ധാരാളം പേർ സമ്പാദിക്കാറുണ്ട്. സമ്പാദ്യം ബാങ്ക് അക്കൗണ്ടിലോ പോസ്റ്റ് ഓഫീസ് സമ്പാദ്യ പദ്ധതിയിലോ ഇട്ടു വയ്ക്കും. ഇത് ഒരു നിശ്ചിത അളവിൽ വളർന്നു കൊണ്ടേയിരിക്കും. ഇടയിൽ കൈവയ്ക്കാതെ വർഷങ്ങൾ സമ്പാദിച്ചാലേഒരുനിശ്ചിതതുകലഭിക്കൂ. ലാഭം കുറവാണെങ്കിലും, ഒരു ഘട്ടത്തിലും പണം നഷ്ടപ്പെടുന്ന അപകടം ഇല്ല.

നിക്ഷേപം എന്നത് തികച്ചും

വ്യത്യസ്തമാണ്. 'നാം മാത്രം സമ്പാദിച്ചാൽ പോരാ, നമ്മുടെ പണവും സമ്പാദിക്കണം' എന്നതാണ് അതിന്റെ അടിസ്ഥാന ലക്ഷ്യം. നഗരത്തിനു വെളിയിൽ വസ്തു വാങ്ങിയിടുന്നതും ഓഹരി വിപണിയിൽ നിന്ന് ഓഹരികൾ വാങ്ങുന്നതും മ്യൂചൽ ഫണ്ട് പദ്ധതികളിൽ ചേരുന്നതും പോലുള്ളവയാണ് നിക്ഷേപങ്ങൾ. ഇതിൽ കൂടുതൽ ലാഭം ലഭിക്കാമെങ്കിലും റിസ്കും കൂടുതലായിരിക്കും. സാമർത്ഥ്യമുള്ളവർ തങ്ങൾക്ക് അറിയാവുന്ന മേഖലയിൽ മാത്രം നിക്ഷേപം നടത്തണം.

നമ്മുടെ പണം വളരണം എന്നാണ് ചിന്തയെങ്കിൽ നിക്ഷേപത്തെ ആശ്രയിക്കണം. കുട്ടികൾ വളരുന്തോറും പണത്തിന്റെ ആവശ്യകത വർധിച്ചു കൊണ്ടേയിരിക്കും. അവരുടെ ഉന്നത വിദ്യാഭ്യാസ ചെലവുകൾ, വിവാഹ ചെലവുകൾ, വീട് വാങ്ങൽ, വാഹനം വാങ്ങൽ എന്നിങ്ങനെ എല്ലാത്തിനും വായ്പയെ ആശ്രയിച്ചിരിക്കാൻ കഴിയില്ല. സമ്പാദ്യം നമ്മൾ പ്രതീക്ഷിക്കുന്നത്ര വളരില്ല.പണംവളർത്താനുള്ളവഴി,നിക്ഷേപമാണ്.

നിക്ഷേപത്തിൽ മാത്രമാണ് നമ്മുടെ പണം നാലും എട്ടും മടങ്ങാകുന്നത്. സുരക്ഷിതമായ നിക്ഷേപം, റിസ്ക് കൂടുതലുള്ള നിക്ഷേപം എന്നിങ്ങനെ രണ്ട് തരം നിക്ഷേപങ്ങൾ ഉണ്ട്. സർക്കാർ ബോണ്ടുകൾ, നഗരാതിർത്തിക്ക് അരികിലുള്ള വസ്തു എന്നിങ്ങനെയുള്ളവയാണ് സുരക്ഷിതമായ നിക്ഷേപങ്ങൾ. സമ്പാദ്യ പദ്ധതികളേക്കാൾ ഡെറ്റ് സെക്യൂരിറ്റികളിൽ പലിശ കൂടുതൽ ലഭിക്കും. നഗരാതിർത്തിക്കരികിൽ തന്നെ വസ്തു വാങ്ങിയാൽ, അതിന്റെ മതിപ്പ് വേഗത്തിൽ ഉയരും. നാം ചിന്തിക്കുന്ന സമയത്ത് അത് വിൽക്കാനും കഴിയും.

26 വയസ്സിൽ മകളെ വിവാഹം കഴിപ്പിച്ചയക്കാൻ ചിന്തിക്കുന്നഒരാൾ,മകൾക്ക്14വയസ്സ്ആകുമ്പോഴേ ഇങ്ങനെ ഏതെങ്കിലും വസ്തു വാങ്ങിയിട്ടാൽ, അത് മികച്ച നിക്ഷേപമാകും. ഫിക്സഡ് ഡിപ്പോസിറ്റിൽ പണം ഇട്ടു വച്ചാൽ, അത് സുരക്ഷിതമായ സമ്പാദ്യം. ഫിക്സഡ് ഡിപ്പോസിറ്റിൽ പണം ഏറിയാൽ നാല് മടങ്ങായേക്കാം. വസ്തു അത് എവിടെയാണെന്നതിന് അനുസൃതമായി പത്ത് അല്ലെങ്കിൽ ഇരുപത് മടങ്ങ് വില വർധിക്കും. ഇതാണ് വ്യത്യാസം.

ഒരു നിക്ഷേപത്തിൽ എത്ര കണ്ട് ഫലം ലഭിക്കുന്നുവോ അത്ര കണ്ട് റിസ്കും ഉണ്ടായിരിക്കും. ഉദാഹരണത്തിന്, ഓഹരി വിപണി നിക്ഷേപത്തിൽ റിസ്ക് കൂടുതലാണ്. 100 രൂപയുടെ നിക്ഷേപം ഒറ്റ വർഷത്തിൽ തന്നെ 500 രൂപയുമാകാം 50 രൂപയായി കുറയുകയും ചെയ്യാം.

നിങ്ങൾക്ക് എത്ര കണ്ട് റിസ്ക് എടുക്കാം? നിങ്ങളുടെ വയസ്സ് എത്രയാണോ, അത്രയും ശതമാനത്തിൽ സുരക്ഷിതമായ സ്ഥാനങ്ങളിൽ നിക്ഷേപിച്ചിരിക്കണം; ബാക്കി നിക്ഷേപത്തിൽ നിങ്ങൾക്ക് റിസ്ക് എടുക്കാം. നിങ്ങളുടെ വയസ്സ് 30, നിങ്ങളുടെ നിക്ഷേപം ഒരു ലക്ഷം രൂപ എന്നിങ്ങനെയാണെങ്കിൽ, അതിൽ മുപ്പതിനായിരം രൂപ സുരക്ഷിതമായ രീതിയിൽ നിക്ഷേപിച്ചിരിക്കണം; ബാക്കി എഴുപതിനായിരം രൂപയിൽ നിങ്ങൾക്ക് റിസ്ക് എടുക്കാം. പ്രായമേറുന്തോറും റിസ്ക് എടുക്കുന്നത് കുറയ്ക്കണം.

പൊതുവിൽ ഓരോരുത്തരും തങ്ങളുടെ വരുമാനത്തിൽ ഇരുപത് ശതമാനം പണമെങ്കിലും ഭാവികാല ആവശ്യങ്ങൾക്കായി സമ്പാദിക്കുകയും നിക്ഷേപിക്കുകയും വേണം. ചെറുപ്രായത്തിൽ ഈ സമ്പാദ്യം കൂടുതൽ ആയിരിക്കണം. ആ സമയത്ത് കുട്ടികളുടെ വിദ്യാഭ്യാസ, മെഡിക്കൽ ചെലവുകൾ കുറവായിരിക്കും എന്നതിനാൽ, അമ്പതു ശതമാനം വരെ പോലും സമ്പാദിക്കാനും നിക്ഷേപിക്കാനും കഴിയും. ചെറുപ്രായത്തിൽ സമ്പാദിച്ചാൽ, വാർധക്യത്തിൽ സമാധാനത്തോടെ ജീവിക്കാം.

നിക്ഷേപം നടത്താൻ ഏറ്റവും മികച്ച സമയം നിങ്ങളുടെ 50 മുതൽ 60 വയസ്സ് വരെയുള്ള കാലമാണ്.അപ്പോഴായിരിക്കുംജോലിസ്ഥിരതയും ഉയർന്ന ശമ്പളവും നേടിക്കൊണ്ടിരിക്കുക. റിട്ടയർ ആകുമ്പോൾ ഒരു നല്ല തുക കൈവശം ഉണ്ടായിരിക്കും. പക്ഷേ, ഈ പ്രായത്തിൽ കൂടുതൽ റിസ്ക് ഇല്ലാത്ത, സുരക്ഷിതമായ നിക്ഷേപങ്ങൾ മാത്രമായിരിക്കണം നിങ്ങൾ തെരഞ്ഞെടുക്കേണ്ടത്.

60 വയസ്സിനു ശേഷം നിങ്ങൾക്ക് അധ്വാനിക്കാൻ കഴിയില്ല; അതിനാൽ വരുമാനവും ഉണ്ടാകില്ല. പക്ഷേ പതിവ് കുടുംബ ചെലവുകൾ അപ്പോഴും ഉണ്ടായിരിക്കും. അതിന് ആരെയും ആശ്രയിക്കാതിരിക്കണമെങ്കിൽ, നിങ്ങൾ സമ്പാദ്യവും നിക്ഷേപവും ചെറു പ്രായത്തിലേ കൃത്യമായി ചെയ്തിട്ടുണ്ടായിരിക്കണം. ●

# സാമ്പത്തിക സ്വാതന്ത്ര്യം വേണം

ഒരാൾചിന്തിക്കുന്നതുപോലെസ്വന്തംസാമ്പത്തികലക്ഷ്യങ്ങൾ കൈവരിക്കാൻ സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അടിത്തറ ഉണ്ടെങ്കിലേ വീട് നിർമ്മിക്കാൻ കഴിയൂ. അതേ പോലെ സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടെങ്കിലേ നിറസമ്പ ത്ത് ചേർക്കാൻ കഴിയൂ.



സാമ്പത്തിക സ്വാതന്ത്ര്യം എന്നാൽ എന്താണ്? ഒരു അടിയന്തര മെഡിക്കൽ ചെലവ് ഉണ്ടാകുന്നു. അതിന് ആരിൽ നിന്നും കടം വാങ്ങേണ്ടാത്ത ചുറ്റുപാടിലായിരിക്കണം നിങ്ങൾ. അത്യാവശ്യമുള്ള ഒരു വസ്തു വാങ്ങാനും വാങ്ങിയ കടം തവണകളായി അടയ്ക്കാനും അനുയോജ്യമായ ഒരു പദ്ധതിയിൽ നിക്ഷേപിക്കാനുമൊക്കെയുള്ള ഏത് ചെലവും ഒരു ബുദ്ധിമുട്ടായി തോന്നാതിരിക്കാനുള്ള സാമ്പത്തിക ചുറ്റുപാട് നിങ്ങൾക്ക് ഉണ്ടായിരിക്കണം. അതാണ് സാമ്പത്തിക സ്വാതന്ത്ര്യം.

ഇത് കൈവരിച്ച ശേഷം നിങ്ങൾ എന്ത് സാമ്പത്തിക ലക്ഷ്യം വച്ചാലും അത് തീർച്ചയായും നേടാൻ കഴിയും.

# അളവ് അറിയാമോ?

ഒരു സമ്പന്നന് രണ്ട് മക്കൾ. രണ്ടു പേരും രണ്ട് ധ്രുവങ്ങൾ. മൂത്തവന് ധാരാളം സുഹൃത്തുക്കൾ. ഇളയവന് സുഹൃത്തുക്കളേ ഇല്ല. മൂത്തവൻ പണം വെള്ളം പോലെ ചെലവഴിക്കും, ഇളയവൻ യഥാർത്ഥ പിശുക്കൻ. 'അധികം ചെലവാക്കരുത്, ചെലവ് ചെയ്യാതിരിക്കുകയും അരുത്. അളവോടെ ചെലവ് ചെയ്യണം' എന്ന് ഇരുവരേയും എപ്പോഴും ഉപദേശിക്കും ധനികൻ. രണ്ടു പേരും അനുസരിക്കില്ല.

നാട്ടിൽ ഒരു സന്ന്യാസി എത്തി. അദ്ദേഹത്തിന്റെ അടുത്തെത്തിയ ധനികൻ, തന്റെ മക്കളെക്കുറിച്ച് പറഞ്ഞു. രണ്ടു പേരെയും കൂട്ടി വരാൻ പറഞ്ഞു സന്ന്യാസി. അവരെ അടിമുടി നോക്കിയ സന്ന്യാസി, തന്റെ രണ്ട് ഉള്ളംകൈകളും നിവർത്തി വച്ചു കൊണ്ട്, 'എന്റെ കൈകൾ മൂടാൻ കഴിയാതെ ഇങ്ങനെ തന്നെ ഇരുന്നാൽ എന്തു ചിന്തിക്കും?' എന്ന് ചോദിച്ചു. 'നിങ്ങൾക്ക് ശാരീരിക വൈകല്യമാണെന്ന് കരുതും' എന്ന് പറഞ്ഞു രണ്ടു പേരും. സന്ന്യാസി തന്റെ രണ്ട് കൈകളും ഇറുകെ മൂടിക്കൊണ്ട്, 'എന്റെ കൈകൾ തുറക്കാൻ കഴിയാതെ ഇങ്ങനെ തന്നെ ഇരുന്നാൽ എന്ത് ചിന്തിക്കും?' എന്ന് ചോദിച്ചു. 'അപ്പോഴും നിങ്ങൾക്ക് ശാരീരിക വൈകല്യമാണെന്നു തന്നെ കരുതും' എന്ന് പറഞ്ഞു അവർ.



'പണം ധാരാളം ഉണ്ടായിരുന്നിട്ടും ആവശ്യത്തിനു പോലും ചെലവഴിക്കാതിരുന്നാൽ, നിങ്ങൾ ദരിദ്രനാണ്. അതേ പോലെ, എപ്പോഴും അനാവശ്യമായി ചെലവഴിച്ചു കൊണ്ടേയിരുന്നാൽ, എത്ര പണം ഉണ്ടായിരുന്നാലും നിങ്ങൾ പെട്ടെന്ന് ദരിദ്രനായി മാറും. ചില സമയങ്ങളിൽ കൈകൾ മൂടണം, ചില സമയങ്ങളിൽ തുറക്കണം' എന്ന് പറഞ്ഞു സന്ന്യാസി. രണ്ടു പേരും മനസ്സിലാക്കിക്കൊണ്ട് വിട പറഞ്ഞു.



# കൊടുത്താൽ ചുരത്തും

വലിയ ധനികനായ ഒരാൾക്ക് ബിസിനസിൽ ലാഭവും നഷ്ടവും മാറിമാറി വന്നു കൊണ്ടിരുന്നു. താൻ സമ്പാദിക്കുന്ന പണം തന്റെ പക്കൽ നിലനിൽക്കുമോ എന്ന ഭയം അദ്ദേഹത്തിന് ഉണ്ടായി. പ്രശസ്തനായ ഒരു ജ്ഞാനിയെ കണ്ടു അദ്ദേഹം. 'നിങ്ങളുടെ നാട്ടിൽ രണ്ട് കിണറുകൾ കുഴിക്കണം. നിന്റെ പ്രശ്നം പരിഹരിക്കാൻ വഴി പറയാം' എന്ന് പറഞ്ഞു ജ്ഞാനി.

ധനികൻ അങ്ങനെ ചെയ്തു. കിണറുകൾ പൂർത്തിയായപ്പോൾ നാട്ടിൽ എത്തിയ ജ്ഞാനി, 'ഈ രണ്ട് കിണറുകളിൽ ഒന്ന് എനിക്ക് വേണം. അത് അടപ്പിട്ട് പൂട്ടണം. മറ്റൊരു കിണറിൽ നിന്ന് നാട്ടിലുള്ള എല്ലാ ജനങ്ങൾക്കും വെള്ളം പിടിക്കാൻ അനുമതി നൽകണം. ആറു മാസം കഴിഞ്ഞ് വരാം' എന്ന് പറഞ്ഞ് ജ്ഞാനി യാത്രയായി.

തന്റെ പ്രശ്നത്തിനും ജ്ഞാനി പറഞ്ഞതിനും എന്താണ് ബന്ധം എന്ന് ആശങ്കയിലായി ധനികൻ. എന്നിരുന്നാലും ജ്ഞാനി പറഞ്ഞത് ചെയ്തു. വെള്ളത്തിനു വേണ്ടി ബുദ്ധിമുട്ടിയിരുന്ന നാട്ടുകാർ ധനികനെ അഭിനന്ദിച്ചു. ആ ആവേശഭരിതനായ ധനികൻ, തന്റെ ബിസിനസ് മികവോടെ ചെയ്തു.

ആറു മാസം കഴിഞ്ഞ് ജ്ഞാനി വന്ന് തന്റെ കിണർ തുറക്കാൻ പറഞ്ഞു. അത് തുറന്ന ധനികനെ കാത്തിരുന്നത് ആശ്ചര്യം ആയിരുന്നു. അത് വരണ്ടിരിക്കുന്നു. 'ഈ കിണർ വെള്ളം പോലെ തന്നെ പണത്തിനും മൂന്ന് പ്രവർത്തനങ്ങൾ ഉണ്ട്. നല്ല മാർഗത്തിൽ ഉപയോഗപ്പെടുന്നത്, തെറ്റായ മാർഗത്തിൽ ഉപയോഗപ്പെടുന്നത്, ഉപയോഗപ്പെടുത്താതെ ഇല്ലാതാകുന്നത്. നിന്റെ കിണർ വെള്ളം നല്ല മാർഗത്തിൽ ഉപയോഗപ്പെട്ടതിനാൽ, അത് ഊറിക്കൊണ്ടേയിരുന്നു. പണവും അതേ പോലെ നല്ല മാർഗത്തിൽ ഉപയോഗപ്പെടുത്തൂ, വളരും' എന്ന് പറഞ്ഞു ജ്ഞാനി. ധനികന് മനസ്സിലായി.

# നിറസമ്പത്തിന്റെ രഹസ്യം

അധ്വാനം, വിദ്യാഭ്യാസം, ഭാഗ്യം എന്നിങ്ങനെയുള്ള പലവിധ കാരണങ്ങളേക്കാൾ ഒരാളെ സമ്പന്നനാക്കുന്ന പ്രധാനപ്പെട്ട കാര്യം ആ വ്യക്തിയുടെ മനോഭാവമാണ്. 'എനിക്ക് കഴിയും' എന്ന മനോഭാവം എത്ര കണ്ട് നേടുന്നുവോ അത്ര കണ്ട് സമ്പത്തും ചേരും. പക്ഷേ, ഈ ലോകത്തെ ഏറ്റവും ബുദ്ധിമുട്ടേറിയ കാര്യം ഒരാളുടെ മനോഭാവം മാറ്റുന്നതാണ്. 'ഒരു മീനിനെ വെള്ളത്തിൽ നിന്ന് പിടിച്ച് കരയിൽ ജീവിക്കാൻ ശീലിപ്പിക്കുന്നതു പോലെ കഠിനമായ കാര്യമാണ് അത്' എന്ന് നിക്ഷേപ വിദഗ്ധൻ വാറൻ ബഫെറ്റ് പറയാറുണ്ട്. മനോഭാവം മാറ്റാൻ ഈ കാര്യങ്ങൾ ചെയ്യണം:



സാമ്പത്തികവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കണം. ധനികരുടെ വിജയരഹസ്യങ്ങൾ അറിയണം. മനുഷ്യരെയും യന്ത്രങ്ങളെയും പണത്തെയും വിനിയോഗിക്കാൻ ശീലിക്കണം. നിങ്ങളുടെ ജോലിയിലും തൊഴിലിലും മറ്റുള്ളവരുടെ സമയവും മികവും എങ്ങനെ ഉപയോഗപ്പെടുത്തണം എന്ന് പഠിക്കണം. കടം വാങ്ങുന്നത് കുറച്ച്സ്വത്തുക്കൾവാങ്ങണം.അനാവശ്യചെലവുകൾവൈകിപ്പിക്കണം, ആ ചെലവ് പിന്നീട് ഉണ്ടാവാതിരിക്കാനും സാധ്യതയുണ്ട്. ആവശ്യമായ സമയങ്ങളിൽ ധൈര്യസമേതം റിസ്ക് എടുക്കണം. ഭയവും സംശയവും അകറ്റി നിർത്തണം. മറ്റുള്ളവർ 'പ്രശ്നം' എന്ന് കാണുന്ന കാര്യങ്ങളിൽ നിങ്ങൾക്ക്അവസരംഉണ്ടോഎന്ന്നോക്കണം.നിങ്ങൾധനികനായിക്കഴിഞ്ഞതു പോലെ സങ്കൽപിക്കണം. ●

# പണ വിനിയോഗം ശീലിക്കണം

വീട്, ഓഫീസ്, ജോലി, ബിസിനസ് എന്നിങ്ങനെ പലതും നന്നായി വിനിയോഗിക്കാൻ അറിയുന്ന പലർക്കും പണം വിനിയോഗിക്കാൻ അറിയാറില്ല. മറ്റ് വിനിയോഗങ്ങൾ പോലെ, പണ വിനിയോഗവും പ്രധാനമാണ്. അത് ശരിയായി അറിയാത്തവർ, അപ്രതീക്ഷിത ചുറ്റുപാടുകളിൽ കാലിടറും.

പണ വിനിയോഗം നിങ്ങൾ ശരിയായയാണോ ചെയ്യുന്നത് എന്ന് എങ്ങനെ അറിയും? ഇവയെല്ലാം നിങ്ങൾക്ക് പറയാൻ കഴിഞ്ഞാൽ, നിങ്ങളുടെ പണ വിനിയോഗം മികച്ചതാണ്.

● ഓരോ മാസവും സ്ഥിരമായ വരുമാനം വരുന്നുണ്ടെന്ന് ഉറപ്പു ചെയ്യുന്നു. എത്ര സമ്പാദിക്കണം എന്ന് മനസ്സിലാക്കി, അതിനുള്ളിൽ ചെലവുകൾ നിയന്ത്രിച്ച് ജീവിക്കുന്നു.

● ഓരോ രൂപയും എവിടെ നിന്ന് വരുന്നു, എവിടേക്ക് പോകുന്നു എന്നത് ശ്രദ്ധിക്കുന്നു.

● വിദ്യാഭ്യാസ ഫീസ്, വായ്പാ തവണകൾ, വൈദ്യുതി ഉൾപ്പടെയുള്ള മാസം തോറും അടയ്ക്കേണ്ടവ, ഇൻഷുറൻസ് പ്രീമിയം പോലുള്ള എല്ലാം കടം വാങ്ങാതെ സമയത്ത് അടയ്ക്കുന്നു.

● ഫർണിച്ചറുകൾ, വസ്ത്രങ്ങൾ, ഇലക്ട്രിക് ഉപകരണങ്ങൾ, വീട്ടുപയോഗ വസ്തുക്കൾ, പാദരക്ഷകൾ എന്നിങ്ങനെ കുടുംബത്തിൽ എല്ലാവർക്കും അത്യാവശ്യം വേണ്ട വസ്തുക്കൾ ഒരു ബുദ്ധിമുട്ടും ഇല്ലാതെ വാങ്ങുന്നു.

● ഏത് അവശ്യം, ഏത് ആഡംബരം എന്ന അതിർവരമ്പ് എനിക്ക് അറിയാം. എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നതു പോലെ എന്റെ കുടുംബത്തെയും ബോധ്യപ്പെടുത്തിയിരിക്കുന്നു.

● ആവശ്യമായ എല്ലാം മാസ ബജറ്റിൽ വാങ്ങുന്നതു പോലെ, സമ്പാദ്യത്തിനും നിക്ഷേപത്തിനും മാസാ മാസം കൃത്യമായി തുക മാറ്റിവയ്ക്കും.

● എനിക്കും ജീവിത പങ്കാളിക്കും വിരമിക്കൽ കാലത്തിന് ആവശ്യമായ ഒരു നിശ്ചിത സമ്പാദ്യ പദ്ധതിയിൽ ചേർന്ന് പ്രത്യേകമായി നിക്ഷേപിക്കുന്നു.

● വീട് വാങ്ങൽ, വാഹനം വാങ്ങൽ, ആഭരണങ്ങൾ വാങ്ങൽ എന്നിങ്ങനെയുള്ള വലിയ ചെലവുകൾക്ക് മുൻകൂട്ടിയേ വ്യക്തമായി പദ്ധതിയിട്ട് പണം നിക്ഷേപിക്കുന്നു.

● ഞാൻ വാങ്ങിയിരിക്കുന്ന വായ്പകൾ എത്ര, അതിന് എത്ര പലിശ അടയ്ക്കുന്നു എന്നത് എനിക്ക് അറിയാം. ഒരു വായ്പയും കഴുത്ത് ഞെരിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നു.

● ക്രെഡിറ്റ് കാർഡ് ശ്രദ്ധിച്ച് ഉപയോഗപ്പെടുത്തുന്നു. പിഴപ്പലിശ പോലുള്ള ചുറ്റുപാടുകളിൽ ഒരിക്കലും പെടാറില്ല.

● കടം നൽകുന്ന കാര്യത്തിലും ജാഗ്രത പാലിക്കും. 'തിരികെക്കിട്ടില്ല' എന്ന് അറിയാവുന്ന ചുറ്റുപാടിൽ മികവോടെ തീരുമാനം എടുക്കും.

● കുടുംബത്തിന്റെ വരവു ചെലവുകളെക്കുറിച്ച് ജീവിതപങ്കാളിയുമായും കുടുംബാംഗങ്ങളുമായും ഇടയ്ക്കിടെ സംസാരിക്കും.

● സമ്പാദ്യത്തെയും നിക്ഷേപത്തെയും കുറിച്ച് ഇടയ്ക്കിടെ വായിച്ച് മനസ്സിലാക്കും. കുടുംബത്തിന്റെ ഭാവി ആവശ്യങ്ങളെക്കുറിച്ച് കരുതലോടെ, സുരക്ഷിതമായി നിക്ഷേപിക്കും.

ഇവയെല്ലാം നിങ്ങൾക്ക് ചേരുന്നവയാണെങ്കിൽ, പണ വിനിയോഗത്തിൽ നിങ്ങൾ മികവുറ്റവരാണ്. ●



Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 & Printed by B. ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL


RAMRAJ ©
VESTS
BRIEFS • TRUNKS
INNERS
FOR WINNERS

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-10-2026.Posted at Tirupur BPC on 5th of every month.

